# ഇൻഡ്യ ദൈവസഭ

## 1913 മുതൽ 1988 വരെ

**A.** പ്രാരംഭ പ്രവർത്തനങ്ങൾ

**(1913 മുതൽ 1936 വരെ)**

**B.** ഇൻഡ്യാ ദൈവസഭ

**(1936 മുതൽ 1971 വരെ)**

**C** ഇൻഡ്യാ ദൈവസഭ: കേരളാ സ്റ്റേറ്റ്

**(1974 മുതൽ 2001 വരെ)**

കളക്റ്റഡ്, കംപൈൽഡ് ആൻഡ് എഡിറ്റഡ്:-

പാസ്റ്റർ. സണ്ണി. പി. സാമുവൽ

# A. പ്രാരംഭ വർഷങ്ങൾ

## (1913 മുതൽ 1936 വരെ)

## അദ്ധ്യായം 11

# ഇൻഡ്യയിലേക്ക് ഒരു മിഷനറി

ഇൻഡ്യയിൽ പെന്തക്കോസ്തിന്റെ കൊടിയേന്തി അഗ്രഗാമികളായി കടന്നു വന്ന മിഷനറിമാർ ആരെന്നു ചോദിച്ചാൽ ഒറ്റവാക്കിൽ ഉത്തരം പറയുക പ്രയാസമായിരിക്കും. വിശ്വവിഖ്യാതമായ അസൂസാ സ്ട്രീറ്റ് ഉണർവ്വിനെ ഒഴിച്ചു നിർത്തി ഇൻഡ്യയിലെ പെന്തക്കോസ്തിൻ ചരിത്രത്തെ എഴുതുക സാധ്യമല്ല. അസൂസാ തെരുവിലെ ഉണർവ്വിൽ വച്ച് അഭിഷിക്തനായ എ.ജി. ഗാർ ഇൻഡ്യയിൽ മിഷിനറിയായി പോകുവാൻ സമർപ്പിക്കുകയും 1907 - ൽ കൽക്കട്ടയിൽ എത്തുകയും തുടർന്നു നോർത്തിന്ത്യയിൽ പെന്തക്കോസ്തിൻ പര്യടനം നടത്തുയും ചെയ്തു. 1907 ൽ തന്നെ തോമസ്സ് ബാരറ്റ് എന്നൊരു ദൈവദാസൻ പെന്തക്കോസ്തിൻ സന്ദേശവുമായി ഇൻഡ്യയിൽ എത്തി. അദ്ദേഹം തെക്കേ ഇൻഡ്യയിലാണ് തന്റെ പ്രവർത്തനം കേന്ദ്രീകരിച്ചത്. നോർവ്വേ സ്വദേശിയായിരുന്ന ബാരറ്റ് സാമ്പത്തിക സഹായം തേടിയാണ് അമേരിക്കയിലേക്ക് പോയത്. എന്നാൽ അസൂസാ ഉണർവ്വിൽ അഭിഷിക്തനായ അദ്ദേഹം അതു മറന്ന് പെന്തക്കോസ്തിന്റെ ശക്തനായ പ്രചാരകനായി മാറി. യൂറോപ്പിന്റെ "പെന്തക്കോസ്തു അപ്പോസ്തോലൻ" എന്നാണ് ചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നത്.

തെക്കേ ഇൻഡ്യയിൽ മദ്രാസ് സ്റ്റേറ്റിലെ കുന്നൂരിൽ ഉണർവ്വു യോഗങ്ങളും പഠന ക്ലാസ്സുകളും നടത്തിയ ബാരറ്റിന് ഒരു കൂട്ടം ശിഷ്യഗണത്തെ ലഭിച്ചു. പിൽക്കാലത്ത് പെന്തക്കോസ്തിന്റെ ചരിത്രത്തിൽ ഇൻഡ്യയിൽ പ്രസിദ്ധരായ ആൾഡി വിങ്കിൾ, ബൗൺസിൽ എന്നീ മാന്യ വനിതകൾ അവരിൽ പ്രമുഖരാണ്.

1908 - ൽ ജർമ്മൻ വംശജനും അമേരിക്കൻ പൗരനും ആയിരുന്ന ബ്രദർ. ജോർജ്ജ് ബർഗ് ബാംഗ്ലൂരിലെത്തി. അവിടെ വച്ച് ചാൾസ് കമ്മിൻസ് എന്നൊരു ചട്ടക്കാരനെ (ആംഗ്ലോ ഇൻഡ്യൻ) പരിചയപ്പെടുകയും പെന്തക്കോസ്തു ഉപദേശത്തിലേക്ക് അദ്ദേഹത്തെ നയിക്കുകയും ചെയ്തു. കോളാർ സ്വദേശി ആയിരുന്ന കമ്മിൻസ് റിട്ടയർ ചെയ്ത ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥനും ബഹുഭാഷാ ജ്ഞാനിയുമായിരുന്നു. പെന്തക്കോസ്തു അനുഭവം പ്രാപിച്ച കമ്മിൻസ് ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചു.

1909 - ൽ ബർഗ് കേരളത്തിൽ വന്നു. തദ്ദേശീയരുടെ ഇടയിൽ പ്രവർത്തനം കേന്ദ്രീകരിച്ചു എന്നുള്ളതായിരുന്നു ബർഗ്ഗിന്റെ പ്രവർത്തന വിജയം. കൊട്ടാരക്കര - തൃക്കണ്ണമംഗൽ - നടന്ന ബ്രദറൺ കൺവൻഷനിൽ അദ്ദേഹം പ്രസംഗിച്ചു. അതു പെന്തക്കോസ്തു അനുഭവത്തെക്കുറിച്ചായിരുന്നു. എങ്കിലും ആരും അതു കാര്യമാക്കിയില്ല. എന്നാൽ 1910 - ൽ അദ്ദേഹത്തിന്റെ പ്രസംഗം ചോദ്യം ചെയ്യപ്പെടുകയും തുടർന്നു ബ്രദറൻ സഹകരണം വിട്ടു അദ്ദേഹം സ്വതന്ത്രമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൊട്ടാരക്കര, അടൂർ എന്നിവിടങ്ങളിൽ അദ്ദേഹം നടത്തിയ കൺവൻഷനുകളാണ് കേരളത്തിലെ പ്രഥമ പെന്തക്കോസ്തു കൺവൻഷനുകൾ.

കേരളത്തിൽ സ്ഥിരതാമസമാക്കാതെ ബാംഗ്ലൂരിൽ നിന്നും സുവിശേഷയാത്രകൾ നടത്തുന്ന രീതിയായിരുന്നു ബർഗ് അവലംബിച്ചിരുന്നത്. 1911 ൽ അദ്ദേഹം വീണ്ടും കേരളത്തിൽ വന്നു. ഈ യാത്രയിൽ കമ്മിൻസ്, ആൾഡി വിങ്കിൽ, ബൗൺസിൽ എന്നിവരും കൂടെ ഉണ്ടായിരുന്നു. കേരളത്തിൽ എത്തിയ ഇവർ രണ്ടായി പിരിഞ്ഞു പ്രവർത്തനം തുടങ്ങി. ബർഗും കമ്മിൻസും അടൂർ, കൊട്ടാരക്കര ഭാഗങ്ങൾ കേന്ദ്രീകരിച്ചു. തുവയൂരിൽ നടത്തിയ പെന്തക്കോസ്തു കൂട്ടായ്മകളുടെ ഫലമായി പരുത്തിപ്പാറ ഉമ്മച്ചന്റെ നേതൃത്വത്തിൽ തുവയൂരിൽ ഉണ്ടായിരുന്ന സ്വതന്ത്ര പ്രാർത്ഥനാ കൂട്ടം ( ഉപദേശത്തിൽ അവർ വിയോജിതർ ആയിരുന്നു) ബർഗിന്റെ ഉപദേശത്തിലേക്ക് ചാഞ്ഞു.

1912- ൽ അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽ അഖില ലോക പെന്തക്കോസ്തു ക്യാമ്പ് നടന്നു. ഇതിൽ സംബന്ധിപ്പാനായിരുന്നു ജോർഇജ് ബർഗ് കേരളത്തിൽ നിന്നും മടങ്ങി. ഈ സമയം അമേരിക്കയിൽ മറ്റൊരു സംഭവം നടക്കുകയായിരുന്നു. റോബർട്ട് ഫെലിക്സ് കുക് എന്ന വ്യക്തി തന്റെ ഭാര്യയായ അന്നയോടൊപ്പം പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കുവാൻ ഇടയായി. അദ്ദേഹം 1908- ൽ ലോസ് ഏഞ്ച ൽസിലെ ഉണർവ്വിൽവച്ച് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിരുന്നു. ബാപ്റ്റിസ്റ്റു സഭയിലെ ഒരു ലേ മിനിസ്റ്റർ ആയിരുന്നു റോബർട്ടിന്റെ പിതാവ്. ഭാര്യയുടെ രോഗശാന്തിയോടുകൂടെ റോബർട്ട് സുവിശേഷ വേലക്കായി സ്വയമേവ സമർപ്പിച്ചു.

1912- ൽ നടന്ന പെന്തക്കോസ്തു ക്യാമ്പിന്റെ സമാപനദിവസം ഇന്ത്യയിൽ നിന്നുള്ള റവ. ബർഗ് സംസാരിച്ചു. അദ്ദേഹം ഇന്ത്യയിലെ സുവിശേഷവേലയുടെ സാദ്ധ്യതയെപ്പറ്റിയായിരുന്നു സംസാരിച്ചത്. ഈ പ്രസംഗം അന്നയ്ക്കും റോബർട്ടിനും പ്രചോദനമായി ഭവിക്കുകയും അവർ ഇന്ത്യയിലേക്ക് പോകുവാൻ തീരുമാനിയ്ക്കുകയും ചെയ്തു.

കുറേ നാളത്തെ ഒരുക്കങ്ങൾക്കുശേഷം അവർ സകുടുംബം റവ. ബർഗിനോടൊപ്പം യാത്ര തിരിച്ച് 1913 ഒക്ടോബറിൽ ഇന്ത്യയിലെത്തി. വിശ്രമകാലം ഊട്ടിയിൽ ചെലവഴിച്ച ശേഷം അവർ ബാംഗ്ലൂരിലേക്ക് പോയി. ബർഗിന്റെ സഹായിയായിരുന്ന ബ്രദർ കമ്മിൻസ് ഈ സമയം ബാഗ്ലൂരിൽ ഉണ്ടായിരുന്നു. ഇവർ എല്ലാവരും ഒന്നിച്ച് ബാംഗ്ലൂരിൽ കുറേക്കാലം താമസിച്ചു. എന്നാൽ കുക്കു സായിപ്പും റവ. ബർഗും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയും ബാംഗ്ലൂരിൽ വച്ച് വേർപിരിയുകയും ചെയ്തു. ( എന്നാൽ അങ്ങനെയല്ല കുക്കും ബർഗും ഒന്നിച്ച് തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിച്ചുവെന്ന് ഒരു വാദവും നിലവിലുണ്ട്.) 1913 ന്റെ സമാപനത്തോടെ കമ്മിൻസിനോടൊപ്പം കുക്കുസായിപ്പ് തെക്കേ ഇന്ത്യയിലെ വിവിധ ഇടങ്ങളിലേക്ക് തന്റെ സുവിശേഷപര്യടനം ആരംഭിച്ചു. ആദ്യം തിരുന്നൽവേലിയിലും ബർഗ് സായിപ്പിന്റെ പ്രവർത്തനമേഖലയായിരുന്ന തെക്കൻ തിരുവിതാംകൂറിലും എത്തി. തുവയൂരായിരുന്നു അദ്ദേഹത്തിന്റെ കേരളത്തിലെ പ്രഥമ പ്രവർത്തനസ്ഥലം. റവ. ബർഗിന്റെ കാലത്ത് ആരംഭിച്ച പൊന്തക്കോസ്തു പ്രവർത്തനം ഇവിടെ സജീവമായി ഉണ്ടായിരുന്നു. അവിടെ 1914 ജനുവരിയിൽ അദ്ദേഹം ചില ദിവസങ്ങൾ നടത്തിയ പ്രത്യേകയോഗങ്ങൾ മുഖാന്തരം 63 പേർ സ്നാനപ്പെട്ടു. അദ്ദേഹം തന്നെ സ്നാന ശുശ്രൂഷ നടത്തി. കേരളത്തിൽ അദ്ദേഹം നടത്തിയ ആദ്യത്തെ സ്നാന ശുശ്രൂഷ അതായിരുന്നു.

സുഗമമായ മിഷനറി പ്രവർത്തനങ്ങൾക്ക് തടസ്സമിട്ടുകൊണ്ട് ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. തൽഫലമായി വിദേശികൾ മിലിറ്ററി സെക്യൂരിറ്റിയിൽ കഴിയണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. അങ്ങനെ കുക്കു സായ്പ്പും കുടുംബവും ബ്രിട്ടീഷ് ഇന്ത്യയുടെ ഒരു സൈനികകേന്ദ്രമായിരുന്ന ബാംഗ്ലൂരിലേക്ക് തിരിച്ചുപോകേണ്ടിവന്നു. അമേരിക്കൻ പൗരനായിരുന്നെങ്കിലും ജർമ്മൻവംശജനാ യിരുന്നതിനാൽ റവ. ജോർഇജ് ബർഗ് യുദ്ധാരംഭത്തിൽ തന്നെ അമേരിക്കയിലേക്ക് മടങ്ങിപ്പോകുവാൻ നിർബ്ബന്ധിതനായി.

യുദ്ധകാലത്ത് ബാംഗ്ലൂരിലെ ഫ്രെയ്സൺ ടൗണിൽ പ്രവർത്തിച്ചതിന്റെ ഫലമായി കുക്ക് ഒരു ഇംഗ്ലീഷ് ആരാധന ആരംഭിച്ചു. ഇടയ്ക്കിടെ തമിഴ്നാട്ടിലും ചിലപ്പോഴൊക്കെ തിരുവിതാംകൂറിലും സുവി ശേഷയാത്രകളും നടത്തിയിരുന്നു. എന്നാൽ സ്ഥിരമായ താമസം ബാംഗ്ലൂരിൽ തന്നെയായിരുന്നു,

1917- ൽ യുദ്ധം അവസാനിച്ചു. അങ്ങനെ സഞ്ചാര സ്വാതന്ത്ര്യം ലഭിച്ച കുക്കു സായ്പ്പും കുടുംബവും 1917- ൽ തിരുവിതാംകൂറിലേക്ക് മടങ്ങി. പുനലൂർ വഴി ചാലിയേക്കരയിൽ എത്തി. തുവയൂരിൽ വച്ച് വിശ്വാസം സ്വീകരിച്ച ഒരുകൂട്ടം ചാലിയേക്കരയിൽ ഉണ്ടായിരുന്നു. അവിടെ ചില ദിവ സങ്ങൾ താമസിച്ച് യോഗങ്ങൾ നടത്തിയനന്തരം തുവയൂർക്ക് പോയി.

# അസംബ്ലീസ് ഓഫ് ഗോഡുമായി ബന്ധം

ഒന്നാംലോക മഹായുദ്ധനാന്തരം ഇന്ത്യയിൽ താമസിക്കുന്ന വിദേശികൾക്ക്, പ്രത്യേകിച്ച് ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഖ്യകക്ഷി രാജ്യത്തുള്ളവർക്ക്, ഗവൺമെന്റ് സംരക്ഷണം ആവശ്യമെന്നുവന്നു. സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരെ അവരവരുടെ സ്വദേശത്തുള്ള സംഘടനകളോ, വ്യക്തികളോ സ്പോൺസർ ചെയ്തിരിക്കണം എന്ന നില വന്നു. ഇത് കുക്കു സായ്പ്പിനെ വല്ലാതെ വിഷമിപ്പിച്ചു. കാരണം അദ്ദേഹത്തിന്റെ ദർശനം മറിച്ചായിരുന്നുവല്ലോ. മാത്രവുമല്ല, അദ്ദേഹം ഇന്ത്യയിലേക്ക് വരുമ്പോൾ ആരും അദ്ദേഹത്തെ സഹായിപ്പാനായി മുന്നോട്ടുവന്നിരുന്നുമില്ല.

ഗവൺമെന്റ് നിയമത്തെ തൃപ്തിപ്പെടുത്തുവാൻ അദ്ദേഹത്തിന് ഏതെങ്കിലും ഒരു പ്രസ്ഥാനവുമായി സഹകരിക്കേണ്ടിവന്നു. അങ്ങനെ അദ്ദേഹം 1919- ൽ മറ്റു യാതൊരു നിർവ്വാഹമുമില്ലാതെ എ.ജി. യുമായി സഹകരണബന്ധത്തിൽ ഏർപ്പെട്ടു. എന്നാൽ അദ്ദേഹം എ.ജി. യുടെ നിയന്ത്രണത്തിലുള്ള ഒരു മിഷനറിയായിരുന്നില്ല. അദ്ദേഹം ഇന്ത്യയിൽ വന്ന് ആറ് വർഷം കഴിഞ്ഞാണ് ഈ ബന്ധം ആരംഭിച്ചതെന്ന് കുക്കു സായ്പ്പു തന്നെ സുവിശേഷ പ്രഭാഷകനിൽ എഴുതിയിട്ടുണ്ട്. (1929 ഓഗസ്റ്റ് - സെപ്റ്റംബർ,) എന്നാൽ കൃത്യമായി തീയതി എന്തോ ചില കാരണങ്ങളാൽ അദ്ദേഹം വിട്ടുകളഞ്ഞിരിക്കുകയാണ്. ഒരുപക്ഷെങ്കിൽ ആ ബന്ധം ഒരു മഹാസംഭവമായി അദ്ദേഹം കണക്കാക്കിയിരുന്നില്ലായിരിക്കണം. കാരണം നിയമദൃഷ്ട വെറും ഒരു സ്പോൺസർഷിപ്പിനുവേണ്ടി മാത്രം അദ്ദേഹം മനസ്സില്ലാമനസോടെ പ്രസ്തുത ബന്ധത്തിൽ വന്നുവെന്നുമാത്രം നാം ഊഹിച്ചാൽ മതിയാകും.

തുടർന്നു തുവയൂരിൽ 36 പേരും തുവയൂർ സഭയുടെ മിഷൻസ്റ്റേഷനായ ശൂരനാട്ടു 90 ഓളം പേരും സ്നാനം ഏറ്റു.

## മിസ്സിസ്സ് അന്ന വിശ്രമത്തിലേക്ക്

1947-ഓഗസ്റ്റ് 31ന് കുക്കു സായ്പ്പിന്റെ ഭാര്യ അന്ന മലേറിയ രോഗത്തെത്തുടർന്ന് വിശ്രമത്തിലേക്ക് ചേർക്കപ്പെട്ടു. ഈ ദമ്പതികർക്ക് ബ്ലോസം, ഡൊരോത്തി എന്നിങ്ങനെ രണ്ട് പെൺമക്കളുണ്ടായിരുന്നു. 1912- ൽ ഇന്ത്യയിലെ വേലയ്ക്കായി സമർപ്പിച്ച് ഭർത്താവിനോടൊപ്പം ഇറങ്ങിത്തിരിച്ച അവർ തന്റെ ഹൃസ്യവും അപ്പോൾതന്നെ ത്യാഗപൂർണ്ണവുമായ സുവിശേഷയത്നം വിജയകരമായി പൂർത്തീകരിച്ച് കടന്നുപോയി.

ഭാര്യയുടെ വേർപാട് അദ്ദേഹത്തിന് ശുശ്രൂഷയിൽ നഷ്ടമായിരുന്നുവെങ്കിലും വിശ്രമിക്കുവാൻ അദ്ദേഹത്തിനു അവസരമില്ലായിരുന്നു. തുവയൂർ, അടൂർ, ചാലിയേക്കര, ശൂരനാട്, വിളക്കുടി, പന്തളം എന്നിവിടങ്ങളിലും ബാംഗ്ലൂരിലും അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനം മൂലം സഭകൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

## പുനർവിവാഹം

1918 ജൂൺ മാസത്തിൽ ബാംഗ്ലൂരിൽ വച്ച് കുക്ക് മിസ് ബേർത്താ ഫോക്സ് എന്നൊരു മിഷനറി വനിതയെ വിവാഹം ചെയ്തു. അവർ അവിടെ ഒരു വൃദ്ധമന്ദിരം നടത്തിവരുകയായിരുന്നു.

## <u>മലങ്കര പൂർണ്ണ സുവിശേഷ സഭ-1921</u>

1921 ജനുവരിയിൽ കുക്കു സായ്പ് ഭാര്യ ബേർത്തയോടൊപ്പം കേരളത്തിലെത്തി തൃക്കണ്ണമംഗലിൽ വീടു വാടകയ്ക്ക് എടുത്തു. അതുവരെയും അദ്ദേഹം ചെയ്തിരുന്നത് 3 മാസം, 4 മാസം മിഷനറി ടൂർ സംഘടിപ്പിച്ചു കേരളത്തിൽ വരികയായിരുന്നു. സ്ഥിരതാമസം ബാംഗ്ലൂരിലുമായിരുന്നു. 1921 ൽ അദ്ദേഹം കേരളത്തിൽ എത്തുമ്പോൾ വേല വിശാലമാക്കുന്ന പ്രവണതയാണ് കാണുന്നത്. 1914 ൽ തുവയൂരിൽ രൂപീകരിക്കപ്പെട്ട സഭമുതൽ പത്തോളം സഭകളും ചില മിഷൻ സ്റ്റേഷനുകളും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഇവയെല്ലാം കൂടി ചേർന്നു കുക്ക് സായ്പിന്റെ ആത്മിക നേതൃത്വത്തിൽ മലങ്കര പൂർണ്ണ ദൈവസഭ 1921 ൽ നിലവിൽ വന്നു. അങ്ങനെ കുക്ക് സായ്പിനു കേരളത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായി വന്നു. 1921 ജൂലൈയിൽ അദ്ദേഹം തന്റെ പ്രീയ സഭയായിരുന്ന ബാംഗ്ലൂരിലെ ദൊഡ്ഢ ബെല്ലപ്പൂരിലെ സഭയൊടു യാത്ര ചോദിച്ചു. 1922 ൽ അദ്ദേഹം കൊട്ടാരക്കരയിൽ സ്ഥിരതാമസത്തിനു വന്നു. അദ്ദേഹത്തിന്റെ താമസസ്ഥലം പ്രസ്ഥാനത്തിന്റെ ഹെഡ് ക്വാർട്ടേഴ്സായി.

## എ.കെ.വർഗ്ഗീസ് -കുക്ക് സായ്പിന്റെ വിശ്വസ്ത പരിഭാഷകൻ

വിദേശരാജ്യങ്ങളിൽ മിഷനറിവേലയ്ക്കൊരുങ്ങുന്ന ഏതൊരാളും അഭിമുഖീകരിക്കുന്ന പ്രശ്നമാണ് പ്രഗത്ഭരും വിശ്വസ്തരുമായ പരിഭാഷകരുടെ ദൗർഭല്യം. തിരുവിതാംകൂറിലെ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടത്തിൽ നല്ലൊരു പരിഭാഷകനെ ലഭിക്കാതെ കുക്ക് സായ്പും ഏറെ വലഞ്ഞു. പരിഭാഷകരായി എത്തിയവർ പലപ്പോഴും വിശ്വസ്തരല്ലായിരുന്നു. തങ്ങളെ കൂടാതെ സായ്പിന് വലുതായൊന്നും ചെയ്യാൻ കഴിയില്ലെന്ന ധാരണ പലരേയും മുതലെടുപ്പിന് പ്രേരിപ്പിച്ചു. വിശ്വസ്തരായെത്തിയവർ പലപ്പോഴും പ്രഗത്ഭരല്ലായിരുന്നു. (ഒരു യോഗത്തിന്റെ ഇടയ്ക്കുവെച്ച് പരിദാഷകനെ പറഞ്ഞുവിട്ട് റവ. കുക്കിന് യോഗം പിരിച്ചുവിടേണ്ടതായിപ്പോലും വന്നു)

റവ. കുക്ക് ദൈവസന്നിധിയിൽ ഏറെ കരഞ്ഞു പ്രാർത്ഥിച്ച ഒരു വിഷയമാണ് പരിദാഷകന്റേത്. ദൈവമേ ഒന്നുകിൽ എനിക്ക് ദാഷ ഒരു വരമായി തരൂ, അല്ലെങ്കിൽ വിശ്വസ്തനും പ്രഗത്ഭനുമായ ഒരു പരിദാഷകനെ തരൂ എന്നദ്ദേഹം ദൈവസന്നിധിയിൽ അപേക്ഷിച്ചു.

ഏറെ കഴിയും മുമ്പ് സായിപ്പ് അന്വേഷിക്കുന്നതു പോലെയുള്ള ഒരു വ്യക്തിയെ കണ്ടെത്തിയെന്നു പറഞ്ഞ് ഒരു സഹപ്രവർത്തകന്റെ കത്ത് അദ്ദേഹത്തിന് ബാംഗ്ലൂരിൽ കിട്ടി. പരിദാഷകനായി സായിപ്പിന്റെ കൂടെപോരുവാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ആ യുവാവിന്റെ ( എ. കെ. വർഗ്ഗീസ്) ഒരു കത്തും റവ. കുക്കിന് ലദിച്ചു.

അങ്ങനെ പരിദാഷകനായി ദൈവത്തിന് സ്തോത്രം ചെയ്തുകൊണ്ട് അടുത്ത തിരുവിതാംകൂർ യാത്രയ്ക്കായി ഒരുക്കങ്ങൾ നടത്തുമ്പോഴാണ് നിശാജനകമായ മറ്റൊരു കത്ത് ബാംഗ്ലൂരിൽ എത്തുന്നത്. (എ. കെ വർഗ്ഗീസ്) ഒരപകടത്തിൽപെട്ടുവെന്നും, തലയ്ക്കേറ്റ പരിക്കിനാൽ ബോധം നഷ്ടപ്പെട്ട അദ്ദേഹത്തെ ആശുപത്രിയി ലാക്കിയിരിക്കുകയാണെന്നു! പിശാചിന്റെ പോരാട്ടമാണിതെന്നു റവ. കുക്കിന് ഉറപ്പുണ്ടായിരുന്നു. അന്നദ്ദേഹം താമസിച്ചിരുന്ന ബാംഗ്ലൂരിലെ ബറാഖ ദവനത്തിൽ വിശ്വാസികൾ ഒന്നിച്ചിരുന്ന് ബ്രദർ വർഗീസിന്റെ വിടുതലിനായി പ്രാർത്ഥിച്ചു. വർഗീസിന് സൗഖ്യമായെന്നും വിവരിക്കുന്ന ഒരു കത്ത് ആഴ്ചകൾക്കുള്ളിൽ അവർക്ക് ലഭിച്ചു.

താൻ ഉടൻ തന്നെ തിരുവിതാംകൂറിലേക്ക് വരികയാണെന്നും അടൂരിലെ ഔട്ട് ഹൗസിൽ കാത്തുനിൽക്കണമെന്നും റവ.കുക്ക് വർഗീസിനെഴുതി. നാലുമാസം നീണ്ടുനിൽക്കുന്ന സുവിശേഷ പര്യടനം അവിടെ നിന്നുമാണ് തുടങ്ങേണ്ടത്.

600 മൈൽ യാത്ര ചെയ്ത് കുക്ക് അടൂരിലെത്തിയപ്പോൾ വർഗ്ഗീസ് അദ്ദേഹത്തെ കാത്തുനിന്നിരുന്നു. എന്നാൽ അടുത്ത ആറുമാസത്തേക്കെങ്കിലും ബുദ്ധിപരമായ ഏതെങ്കിലും പ്രവർത്തിചെയ്യാൻ താൻ പ്രാപ്തനല്ലെന്നും അതുകൊണ്ട് പരിഭാഷാ ജോലിയിൽ നിന്നും തന്നെ ഒഴിവക്കണമെന്നും വർഗീസ് കുക്കിനോടഭ്യർത്ഥിച്ചു.

കുക്കിനുണ്ടായ നിരാശ പറഞ്ഞറിയിക്കാവുമായിരുന്നില്ല. പിശാചിന്റെ ബന്ധനമാണിതെന്നും ഇതിൽ നാം യേശുക്രിസ്തുവിലൂടെ വിജയം കണ്ടെത്തണമെന്നും കുക്ക് വർഗീസിനോട് പറഞ്ഞു. പിന്നെ വർഗീസിന്റെ തലമേൽ കൈവച്ച് രോഗബന്ധനങ്ങളെ ശാസിച്ചു.

വലിയ തളർച്ച ബാധിച്ചവനെപ്പോലെ വർഗീസ് കുഴഞ്ഞു നിലത്തുവീണു. അന്നുരാത്രി അദ്ദേഹം സുഖമായുറങ്ങി. പിറ്റേന്ന് രാവിലെ പൂർണ്ണ സൗഖ്യം പ്രാപിച്ച വർഗീസ് സായ്പിനോടു കൂടെ പോകുവാൻ തയ്യാറാണെന്നറിയിച്ചു.

നാലു മാസങ്ങൾ നീണ്ടു നിന്ന ആ സുവിശേഷ പര്യടനങ്ങളിൽ ഒരു ദിവസം പോലും മുടങ്ങാതെ വർഗീസ് സായ്പിനു പരിഭാഷ ചെയ്തു. അതും നാലും അഞ്ചും മണിക്കൂറുകൾ വീതം.

എ.കെ. വർഗീസിന്റെ ജീവിതത്തിലും അതൊരു വലിയ വഴിത്തിരിവായിരുന്നു. സായ്പിനോടൊന്നിച്ചുള്ള പ്രവർത്തനം മർത്തോമ്മാ സഭാ വിശ്വാസിയായിരുന്നു. സായ്പിനോടൊന്നിച്ചുള്ള പ്രവർത്തനം മർത്തോമ്മാ സഭാ വിശ്വാസിയായിരുന്ന വർഗ്ഗീസിനെ പല പുതിയ തീരുമാനങ്ങളിലേക്കും നയിച്ചു. ഒരു ഗവ. രജിസ്ട്രാറായിരുന്ന വർഗ്ഗീസ് ഉദ്യോഗം രാജിവച്ച് പൂർണ്ണ സമയ സുവിശേഷകനായി.

1885-ൽ പുത്തൻ കാവിൽ അയിരുക്കുഴിയിൽ കുഞ്ഞാണ്ടിയുടെ മകനായി ജനിച്ച എ.കെ. വർഗീസ് പാസ്റ്റർ കുക്കിന്റെ പരിഭാഷകൻ മാത്രമല്ല നയതന്ത്രജ്ഞനായ ഒരു ഉപദേഷ്ടാവുകൂടിയായിരുന്നു. ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള ജ്ഞാനം, ഭാഷാശുദ്ധി, മുഴക്കമുള്ള ശബ്ദം, ക്ഷീണിക്കാതെ പ്രയത്നിക്കുന്ന ശീലം ദൈവാശ്രയം ഇതെല്ലാം അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളായിരുന്നു.

1927-ൽ സുവിശേഷ പ്രഭാഷകൻ മാസിക ആരംഭിക്കുവാൻ കുക്ക് സായ്പിന് എ.കെ വർഗീസിന്റെ പ്രേരണ പിൻബലമായി ഉണ്ടായിരുന്നു. ഇംഗ്ലീഷ് പരിഭാഷപ്പെടുത്തി മാസികയിൽ പ്രസിദ്ധീകരിക്കുന്ന ചുമതല അദ്ദേഹം സ്തുത്യർഹമാം വിധം നിറവേറ്റി. അതു കൂടാതെ മലയാളത്തിലും അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. സത്യപ്രകാശിനിയിലും മറ്റും പെന്തക്കോസ്തു ഉപദേശങ്ങളെ പരിഹസിച്ചെഴുതിയ ലേഖനങ്ങൾക്ക് സുവിശേഷ പ്രഭാഷകനിൽ സത്യവാചി എന്ന തൂലികാ നാമത്തിൽ മറുപടി എഴുതിയിരുന്നത് എ.കെ. വർഗീസായിരുന്നു.

തന്റെ സന്തത സഹചാരിയും സുഹൃത്തും ഉപദേഷ്ടാവും ഒക്കെയായിരുന്ന കുക്ക് സായ്പ് ഇന്ത്യ വിട്ടു പോയതിനു ശേഷം എ.കെ. വർഗീസ് സജീവ സഹപ്രവർത്തനങ്ങളിൽ നിന്നും വിരമിച്ചു. 1952 മുതൽ പുനലൂരിനടുത്തുള്ള മാത്ര എന്ന സ്ഥലത്ത് താമസമാക്കി. 1959 ജൂൺ മാസത്തിൽ 74-ാം വയസ്സിൽ അദ്ദേഹം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

കറതീർന്ന വിശ്വസ്തതയും അചഞ്ചലമായ കൂറും അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്യമായിരുന്നു. കേരളാ സ്റ്റേറ്റ് റെപ്രസന്റേറ്റീവ് ആയിരുന്ന എ.വി. ഏബ്രഹാം മകനാണ്.

## ഹോം ബൈബിൾ സ്കൂൾ

കൊട്ടാരക്കര താമസിച്ചു വരുമ്പോൾ തന്റെ കൂടെയുണ്ടായിരുന്ന യുവ സുവിശേഷകരെ പരിശീലിപ്പിക്കേണ്ടതിന്റെ ആവശ്യകത കുക്ക് സായ്പിന് മനസിലായി. അങ്ങനെ 1922-ൽ തന്നെ കൊട്ടാരക്കരയിലെ തന്റെ താമസസ്ഥലത്ത് ഒരു ഹോം ബൈബിൾ ട്രെയിനിംഗ് സ്കൂൾ ആരംഭിച്ചു. എന്നാൽ ഇത് വ്യവസ്ഥാപിതമായ നിലയിൽ അല്ല അന്ന് പ്രവർത്തിച്ചിരുന്നത്. 1926-ൽ കുക്ക് സായ്പ് കല്ലിശ്ശേരിയിൽ (മഴുക്കീർ) താമസിക്കുമ്പോഴും ഈ സ്കൂൾ നടന്നിരുന്നു. അദ്ദേഹം താമസം മാറുന്നതിനനുസരിച്ച് സ്കൂളുകളും മാറിക്കൊണ്ടിരുന്നു. എന്നാൽ 1927-ൽ സീയോൻ കുന്നിൽ ബംഗ്ലാവ് പണിത് സ്ഥിരതാമസം ആയപ്പോഴാണ് ബൈബിൾ സ്കൂളിന് സ്ഥിര ആസ്ഥാനം ഉണ്ടായത്. 1922- ൽ ആരംഭിച്ച് 1927-ൽ സിയോൻകുന്നിൽ പറിച്ചുനടപ്പെട്ട ബൈബിൾ സ്കൂളാണ് ഇന്ത്യയിലെ പ്രഥമ പെന്തക്കോസ്തു വേദവിദ്യാകേന്ദ്രം എന്നത് ദൈവസഭയ്ക്ക് അഭിമാനമാണ്.

## വിശാലമാകുന്ന വേല

മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ സഭകളെ കൂടാതെ കൊട്ടാരക്കര, തിരുവല്ല, കുമ്പനാട്, എഴുമറ്റൂർ, റാന്നി തുടങ്ങിയ സ്ഥലങ്ങളിലേക്കും അതിന്റെ പ്രാന്തപ്രദേശങ്ങളിലേക്കും പ്രവർത്തനം വ്യാപിച്ചു.

ഈ അവസരത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ഒരു പ്രവർത്തകനായിരുന്ന ചോതിയെ പാസ്റ്റർ കുക്കുമായി പരിചയപ്പെടുത്തിയത് ബ്രദർ എ.കെ. വർഗീസായിരുന്നു. എന്നാൽ ചോതിയാകട്ടെ വിരുദ്ധ മനോഭാവമുള്ളവനായിട്ടാണ് പാസ്റ്റർ കുക്കിനോട് ഇടപെട്ടത്. എന്നാൽ ഏതാണ്ട് ഒരു വർഷത്തിന് ശേഷം ചോതിക്കുണ്ടായ ഒരു രോഗം നിമിത്തം പാസ്റ്റർ കുക്കിനെ സമീപിക്കുകയാണുണ്ടായി. പാസ്റ്റർ കുക്ക് തനിക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അത്ഭുതകരമായി സൗഖ്യം നൽകുകയും ചെയ്തു. പിന്നോക്കകാരുടെ ഇടയിലെ വേലയ്ക്കു ചോതി ഏറെ സഹായമായിരുന്നു. തുടർന്ന് മാവേലിക്കരയും വേലയ്ക്ക് വാതിൽ തുറന്നു കിട്ടുകയും ഒരു സദ സ്ഥാപിക്കുകയും ചെയ്തു. ബ്രദർ. എ. ജെ. ജോണുമായി പാസ്റ്റർ കുക്ക് ആദ്യം പരിചയപ്പെട്ടതും കൂട്ടായി വേലചെയ്തതും മാവേലിക്കരയിൽ വച്ചാണ്. എന്നാൽ പിൽക്കാലത്ത് അവിടത്തെ വേല അസംബ്ലീസ് ഓഫ് ഗോഡിനു അധീനമാക്കുകയുണ്ടായി.

### വാർഷിക കൺവൻഷൻ (1923)

1923 ഡിസംബർ മാസത്തിൽ ആറാട്ടുപുഴ മണൽപ്പുറത്ത് വച്ച് നടത്തപ്പെട്ടതായിരുന്നു ഒന്നാമത്തെ വാർഷിക കൺവൻഷൻ പ്രാദേശികാടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ വച്ച് 1921 മുതൽ കൺവൻഷൻ നടത്തപ്പെട്ടുകൊണ്ടേയിരുന്നു. എങ്കിലും വാർഷിക കൺവൻഷൻ എന്ന നിലയിൽ 1923 ലാണ് ആരംഭിച്ചത്.

റവ. കുക്കിനാൽ 1914 ൽ സ്ഥാപിതമായ സദയുടെ പ്രഥമ ജനറൽ കൺവൻഷൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സുപ്രസിദ്ധമായ പമ്പാ നദിയുടെ തീരത്തെ ആറാട്ടുപുഴ മണൽപ്പുറത്തുവച്ചായിരുന്നു. ആറാട്ടുപുഴ മണൽപ്പുറം അക്കാലത്ത് പലപ്പോഴും കെ.വി. സൈമൺ സാറിന്റെ വിയോജിത പ്രസ്ഥാനത്തിന്റെ സുവിശേഷ യോഗങ്ങൾക്ക് വേദിയായിട്ടുണ്ട്. ആദ്യത്തെ ജനറൽ കൺവൻഷനിൽ ഇംഗ്ലണ്ടിൽ നിന്ന് മിഷനറിമാരായി വന്ന വെയിത്സ് ദമ്പതികൾ റവ. ആൻഡ് മിസിസ്സ്. സ്പെൻസർ മേയ് സംബന്ധിച്ചിരുന്നു. 250 ഓളം പേർ ഈ യോഗത്തിൽ സംബന്ധിച്ചു എന്നുള്ളത് അന്നത്തെ നിലയിൽ വൻ വിജയമായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവാഹങ്ങൾ കൺവൻഷനുടനീളം അലയടിച്ചു കൊണ്ടിരുന്നു.

റവ. കുക്കിന്റെ മകൾ ബ്ലോസമും സിസ്റ്റർ മേയും സ്ത്രീകളുടെ യോഗം നടത്തി. വൈകിട്ടത്തെ

യോഗങ്ങളിൽ ആയിരത്തിൽ പരം ജനം  വള്ളങ്ങളിലും മറ്റുമാണ് ആൾക്കാർ വന്നിരുന്നത്. റവ. മേയ് ഈ യോഗത്തെ 1906  ലെ വെയിത്സിലെ ഉണർവ്വിനോടാണ് ഉപമിച്ചത്.

അന്നു മുതൽ ആണ്ടു തോറും വാർഷിക കൺവൻഷൻ നടത്തി വരുന്നു. ആകയാൽ ഇന്ത്യയിലെ പെന്തക്കോസ്തു വാർഷിക  കൺവൻഷനുകളുടെ മാതാവാണ് 1923 ൽ കുക്ക് സായ്പ്പ് ആരംഭിച്ച ജനറൽ കൺവൻഷൻ.

## മലങ്കര പെന്തക്കോസ്തു  സഭ (1924)

തെക്കൻ തിരുവിതാംകൂറിൽ ഇപ്രകാരം പ്രവർത്തനം നടന്നുവരവേ മദ്ധ്യതിരുവിതാംകൂറിൽ പ്രവർത്തനങ്ങൾ ശക്തമാവുകയായിരുന്നു. വിയോജിത പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന ശ്രി. കെ. വി. സൈമന്റെ നേതൃത്വത്തിൽ നവോത്ഥാന ശക്തിപ്പെടുകയായിരുന്നു. അദ്ദേഹത്തിന്റെ ഒരു ശിഷ്യനായിരുന്ന കെ. ഇ. ഏബ്രഹാം 1923 ൽ പന്തളം മത്തായിച്ചൻ എന്ന  സുവിശേഷകനിലൂടെ  പെന്തക്കോസ്ത് അനുഭവം പ്രാപിച്ചു. വിയോജിതരിൽ  നിന്നും വിയോജിച്ചു നിന്നിരുന്ന  ഒരു ഘടകം പൂവത്തൂർ ഭാഗങ്ങളിൽ ഉണ്ടായിരുന്നു.  കെ. ഇ. എബ്രഹാമിനെ അവർ പിന്തുണച്ചു.  നല്ല നേതൃത്വപാടവം ഉണ്ടായിരുന്ന കെ. ഇ. ഏബ്രഹാമിന്റെ കൂടെ സിറിയൻ ക്രിസ്ത്യൻ വിഭാഗം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി മലങ്കര  പെന്തക്കോസ്തു സഭ നിലവിൽ വന്നു.

## എ. ജി പ്രവർത്തനം

ലേഡി ചാപ്മാൻ എന്ന വനിത 1915 ൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ മിഷനറിയായി ഇന്ത്യയിൽ എത്തി. അവർ ആദ്യം മദ്രാസിലാണ് ശ്രദ്ധ ചെലുത്തിയതെങ്കിലും പിന്നീട് കേരളത്തിലേക്ക് വന്നു. 1911 ൽ ബർഗിന്റെ കൂടെ കേരളത്തിൽ വന്ന ആൾഡി വിങ്കിളും ബൺസിലും തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. 1915 ൽ ബൗൺസിൽ നിത്യതയിലേക്ക് ചേർക്കപ്പെട്ടു. മേരി ചാപ്മാന്റെ വരവ് ആൾഡി വിങ്കിളിന് തുണയായി. അചിരേണ വിങ്കിളിന്റെ ചുമതലയിലുണ്ടായിരുന്ന സ്വതന്ത്ര സഭകൾ അസംബ്ലീസ് ഓഫ് ഗോഡ് കൂട്ടായ്മയുമായി ലയിച്ചു.  ഇതിനിടെയിൽ 1923 ൽ സ്പെൻസർ മേയ് എന്നൊരു എ. ജി. മിഷനറിയും ഇന്ത്യയിലെത്തി. കുക്കു സായ്പും കൂട്ടരും കൊട്ടാരക്കര ഭാഗത്തും മേരി ചാപ്മാനും കൂട്ടരും തിരുവനന്തപുരം ഭാഗത്തും ഉണ്ണുണ്ണി സാറും കൂട്ടരും ചെങ്ങന്നൂർ ഭാഗത്തും പരസ്പരം സഹകരിച്ചും അംഗീകരിച്ചും പ്രവർത്തിക്കുന്ന ഒരു പെന്തക്കോസ്തിൽ ചരിത്രമാണ്. 1921 മുതൽ 1924 വരെ നാം കേരളത്തിൽ കാണുന്നത്. എന്തെന്നാൽ അവർ സമൂഹത്തിൽ ചെറിയവരും ഒറ്റപ്പെട്ടവരും ആയിരുന്നു.

## അമേരിക്കയിലേക്ക്

1913 ൽ ഇന്ത്യയിലെത്തിയിട്ട് വിശ്രമം കൂടാതെ കുക്കു സായ്പ്പ് അദ്ധ്വാനിക്കുകയായിരുന്നു. ആകയാൽ അദ്ദേഹം അമേരിക്കയിലേക്ക് ഫർലോ അവധിയിൽ പോകുവാൻ തീരുമാനിച്ചു. 1924 ഫെബ്രുവരി മദ്ധ്യത്തോടുകൂടെ അദ്ദേഹം സകുടുംബം ബോംബയിൽ നിന്നും കിഴക്കൻ ഭാഗങ്ങളിലേക്ക് കപ്പൽ യാത്ര ജപ്പാൻ വഴി അമേരിക്കയിൽ എത്തി.  ഈ സമയം കേരളത്തിലെ വേലയുടെ ചുമതല സ്പെൻസർ ഇ. മേയ് എന്ന ദൈവദാസനെയാണ് ഭാരമേൽപ്പിച്ചിരുന്നത്. അദ്ദേഹം പ്രഥമ ജനറൽ കൺവൻഷനിലെ പ്രസംഗകനും എ.ജി. യുടെ ഒരു മിഷനറിയുമായിരുന്നു. എ. ജി യു മായി സഹകരണബന്ധം ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തെ ചുമതല ഏൽപ്പിക്കുന്നതിൽ കുക്ക് സായ്പിനു മടിയില്ലായിരുന്നു. കൂടാതെ കമ്മിൻസും മേൽനോട്ടത്തിനും സഹായത്തിനും ഉണ്ടായിരുന്നു.

## കുഴപ്പങ്ങൾ

കുക്കു സായിപ്പ് അമേരിക്കയിലേക്ക് പോയ അനന്തരം കേരളത്തിലെ പെന്തക്കോസ്തു സഭകൾ തമ്മിൽ ചില പോരാട്ടങ്ങൾ നടന്നു. അന്നു മൂന്നു സമൂഹങ്ങൾ നിലവിലുണ്ടായിരുന്നു. കുക്കു സായിപ്പ് ആരംഭിച്ച മലങ്കര പൂർണ്ണ സുവിശേഷസഭയും, ഉണ്ണൂണ്ണി സാറിന്റെ തെന്നിന്ത്യ പെന്തക്കോസ്തു സഭയും, 1915 ൽ എ.ജി കൗൺസിൽ നേരിട്ടയച്ച മിസ്സിസ്സ് മേരി ചാപ്മാൻ നേതൃത്വം വഹിക്കുന്ന എ.ജി. സഭകളും.

എന്നാൽ കുക്ക് സായിപ്പ് അമേരിക്കയിലേക്ക് പോയിക്കഴിഞ്ഞപ്പോൾ മേരി ചാപ്മാനും ആൾഡി വിംങ്കിളും 1924 സമാപനത്തിൽ ചെങ്ങന്നൂരിലേക്ക് മാറിതാമസിച്ച് കുക്കു സായിപ്പിന്റെ കീഴിലുള്ള സഭകളെ തന്റെ നിയന്ത്രണത്തിൻ കീഴിലാക്കാൻ ഒരു ശ്രമം നടത്തി. അപ്പോഴേക്കും തെന്നിന്ത്യ പെന്തക്കോസ്തു സഭയും ചാപ്മാനുമായി സഹകരണം ആരംഭിച്ചിരുന്നതിനാൽ പാസ്റ്റർ കെ.ഇ ഏബ്രഹാമിന്റെ പിന്തുണയും ഇതിന് ലഭിച്ചു. എന്നാൽ സ്പെൻസർ മേയ് ആ ശ്രമത്തെ വിഫലമാക്കി. അദ്ദേഹം ചെങ്ങന്നൂരിലേക്ക് താമസം മാറ്റി.

## കുക്കു സായ്പ്പ് മടങ്ങിയെത്തുന്നു

1926 സെപ്തംബർ 3-ാം തീയതി കുക്ക് സായ്പ്പ് തിരിച്ചു കൊട്ടാരക്കരയിലെത്തി. എന്നാൽ ഇതിനോടകം മറ്റു ചില പ്രതിസന്ധികൾ നാട്ടിൽ ഉടലെടുത്തിരുന്നു. മേരി ചാപ്മാനും ഉണ്ണൂണ്ണി സാറും തമ്മിലുള്ള സഹകരണത്തിന് ഉലച്ചിൽ തട്ടുകയും അദ്ദേഹം തന്റെ കൂടെയുള്ളവരെ സ്വതന്ത്രമായി തന്നെ നിൽക്കുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു. ഇതിന്റെ പിന്നാലെ കമ്മിൻസ്, കെ.സി ഉമ്മൻ, എ.സി. സാമുവൽ തുടങ്ങിയവരുമായി ഉണ്ണൂണ്ണി സാർ സംസാരിക്കുകയും ഇരു പ്രസ്ഥാനങ്ങളും സ്വതന്ത്രമായി നിൽക്കുമെങ്കിൽ ഒന്നായി നിൽക്കാം എന്നഭിപ്രായപ്പെടുകയും ചെയ്തു.

എന്നാൽ കുക്കു സായ്പ്പ് മടങ്ങിയെത്തുന്നത് എ.ജി.യുടെ ഒരു മിഷനറിയായിട്ടായിരുന്നു. മേരി ചാപ്മാന്റെ കീഴിൽ എ.ജി.യുടെ വിദേശമേൽക്കോയ്മയിൽ തുടരുന്നതിലും നല്ലത് കുക്കുസായ്പ്പിന്റെ കീഴിൽ സ്വതന്ത്ര എ.ജി. സഭകളായി തുടരുന്നതാണ് നല്ലതെന്ന് പാസ്റ്റർ കെ.ഇ. ഏബ്രഹാം കണ്ട് മലങ്കര പൂർണ്ണ സുവിശേഷ സഭയും തെന്നിന്ത്യാ പെന്തക്കോസ്തു സഭയും തമ്മിൽ യോജിപ്പിക്കുന്നതിനായി ആഗ്രഹിച്ചു.

## ലയനം

1926 സെപ്റ്റംബറിൽ കുക്കു സായ്പ്പ് തന്റെ താമസം മഴുക്കീറ്റിലേക്ക് മാറ്റി. ഒക്ടോബർ 6-ാം തീയതി അദ്ദേഹത്തിന്റെ താമസസ്ഥലത്തുവെച്ച് രണ്ട് സമൂഹങ്ങളും ഒന്നായി തീർന്നു. മലങ്കര പെന്തക്കോസ്തു ദൈവസഭ എന്ന പ്രസ്ഥാനം നിലവിൽ വന്നു.

1926 ൽ പിറവം സഭ സ്ഥാപിക്കപ്പെട്ടു. സഭയുടെ നാവായി ഒരു പ്രസിദ്ധീകരണം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം ബോദ്ധ്യപ്പെടുകയാൽ 1926 ൽ സുവിശേഷ പ്രഭാഷകൻ എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. ഇതിന്റെ പ്രസിദ്ധീകരണം ഏഴ് വർഷത്തേക്ക് മാത്രമേ തുടരുവാൻ കഴിഞ്ഞുള്ളൂ. പാസ്റ്റർ കെ.ഇ. ഏബ്രഹാം ഇതിന്റെ സഹപത്രാധിപരായി 1929 അവസാനം വരെ പ്രവർത്തിച്ചു.

# അദ്ധ്യായം 12

# സീയോൻ കുന്ന്

കുക്കു സായ്പ്പ് കല്ലിശ്ശേരിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ സഭയ്ക്കായി ഒരു സ്ഥിരം ആസ്ഥാനം ഉണ്ടാകേണ്ട ആവശ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം പിരളശ്ശേരിയിൽ ഒരു യോഗത്തിനായി എത്തിയപ്പോൾ ഇപ്പോഴത്തെ സീയോൻകുന്ന് ദൃഷ്ടിയിൽപ്പെട്ടു. അത് പൊങ്ങിക്കുംമോടി എന്നാണ് അറിയപ്പെട്ടിരുന്നത്. ആ കുന്ന് ലഭിച്ചിരുന്നെങ്കിൽ എന്ന് സായ്പ്പ് ആഗ്രഹിച്ചു. എന്നാൽ അതു വാങ്ങുവാൻ അദ്ദേഹത്തിനു പണം ഇല്ലായിരുന്നു എന്നു മാത്രമല്ല ആ സ്ഥലത്തിന്റെ ഉടമ ധനാഢ്യനാകയാൽ അത് വിൽക്കുന്നില്ലെന്നും അറിഞ്ഞു. അത് തലക്കോട് ടി.കെ.വർഗീസ് എന്ന വ്യക്തിയുടെ വകയായിരുന്നു. അതിനു മുമ്പ് സാഹിത്യരസികൻ എം.കെ കുര്യൻ എന്നൊരുദേഹത്തിന്റെ വകയായിരുന്നു. അദ്ദേഹം അത് ശ്രീ. വർഗീസിന് നൽകി അടൂരിലേക്ക് താമസം മാറിപ്പോയിരുന്നു.

റ്റി.കെ വർഗീസിന്റെ ഇളയ സഹോദരൻ റ്റി.കെ ഏബ്രഹാമും കുക്ക് സായ്പ്പും യാദൃശ്ചികമായി നടന്ന സംഭാഷണ മദ്ധ്യേ മുളക്കുഴയിലെ സ്ഥല വില്പനയെക്കുറിച്ച് പറയുവാനിടയായി. അങ്ങനെ അദ്ദേഹം ചെന്ന് ആ സ്ഥലം കണ്ടു. താൻ ചില നാളുകൾക്കു മുമ്പ് ആഗ്രഹിച്ച ആ കുന്നു തന്നെയായിരുന്നു അതെന്നു ഗ്രഹിച്ച സായ്പ്പ് വാക്കു കൊടുത്തു. സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും അദ്ദേഹം പ്രാർത്ഥനയോടെ ആ സ്ഥലം വാങ്ങി അതിന് സിയോൺ കുന്ന് എന്നു പേരിട്ടു. താമസിയാതെ വളരെ മനോഹരമായ ഒരു ബംഗ്ലാവ് അവിടെ പണിയുകയും ചെയ്തു.

## മൗണ്ട് സിയോൺ ബൈബിൾ സ്കൂൾ

1928ൽ സിയോൻ കുന്നിൽ ബംഗ്ലവിന്റെ പണി തീർന്നപ്പോൾ അവിടെ തന്നെ തന്റെ ചിരകാലാഭിലാഷമായ ബൈബിൾ സ്കൂൾ ആരംഭിച്ചു. 1928 ജൂലൈ മാസത്തിൽ ഉദ്ഘാടനം നടന്നു. മിസ്സിസ് ബർത്താ കുക്കായിരുന്നു പ്രിൻസിപ്പാൾ. പെൺകുട്ടികളുൾപ്പെടെ അമ്പതോളം പേർ വിദ്യാർത്ഥികളായുണ്ടയിരുന്നു.

പിൽക്കാലത്ത് സുവിശേഷ വയലിൽ ഏറെ പ്രസിദ്ധരായ മിസ്സിസ് അന്നമ്മ അതിശയം ഒന്നാം വർഷവും മിസ്സിസ് കെ.സി ചെറിയാൻ (കൊച്ചന്നമ്മ) രണ്ടാം വർഷവും വിദ്യാർത്ഥികളായി ചേർന്നു.

### ജ്ഞാനപ്രകാശം

തമിഴ്നാട്ടിൽ ഒരു ഉന്നത ഹൈന്ദവ കുടുംബത്തിൽ ജനിച്ചു. താൻ ക്രിസ്തുവിനെ അംഗീകരിച്ചതിന്റെ ഫലമായി വീട്ടുകാരാൽ കൈവിടപ്പെട്ടവനായി. കർത്താവിന്റെ വേലക്കുവേണ്ടി വിളിയുണ്ടാകയാൽ ഉദ്യോഗം രാജിവെച്ചിട്ട് കർത്താവിന്റെ മുന്തിരി തോട്ടത്തിലേക്കിറങ്ങി ആദ്യം ചർച്ച് മിഷനറി സൊസൈറ്റിയിൽപെട്ടവരുടെ ഇടയിലാണ പ്രവർത്തനം ആരംഭിച്ചത്. അവിടെ അംഗീകരണം ലഭിക്കാകയാൽ തിരുവിതാംകൂറിലേക്ക് വരികയും പാസ്റ്റർ കുക്കുമായി പരിചയപ്പെടുകയും തന്നോടൊരുമിച്ച് ചില വർഷക്കാലം പ്രവർത്തിക്കുകയും ചെയ്തു. ബൈബിൾ സ്കൂളിന്റെ ആദ്യഘട്ടത്തിലെ അദ്ധ്യാപകരിലൊരുവനായി സേവനമനുഷ്ഠിച്ചു. താൻ നല്ല ഒരു വേദപണ്ഡിതൻ കൂടിയായിരുന്നു. ഇന്നു താൻ വിശുദ്ധമാരെ കാത്ത് അക്കരെ നാട്ടിൽ വിശ്രമിക്കുന്നു.

## എ.ആർ.ടി അതിശയം

തമിഴ്നാട്ടിലെ രാജകുടുംബത്തിൽ ജനിച്ചു. സുവിശേഷം തന്നെ സന്ദർശിക്കുകയും സുവിശേഷത്തിന്റെ ഒരു പോരാളിയായി തീരുകയും ചെയ്തു. അദ്ദേഹം കേരളത്തിൽ ഉണർവ്വ് യോഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. പ്രസിദ്ധമായ പൂവത്തൂർ ഉണർവ്വ് ഇക്കാലത്തായിരുന്നു. കേരളത്തിൽ വെച്ച് പാസ്റ്റർ കുക്കുമായി പരിചയപ്പെടുകയും തന്നോടൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്തു. ഇടക്കാലത്ത് കുറേ നാൾ താൻ സ്വതന്ത്രനായി നിന്നു പ്രവർത്തിച്ചു. എങ്കിലും 1953 മുതൽ വീണ്ടും ദൈവസഭയുമായുള്ള കൂട്ടായ്മയിലും പ്രവർത്തനത്തിലുമാണ് കഴിഞ്ഞത്. 1953 മുതൽ ബൈബിൾ സ്കൂളിലെ അദ്ധ്യാപകനായിരുന്നു. നല്ല വേദപണ്ഡിതനും പ്രാർത്ഥനാവീരനും തികഞ്ഞ ഭക്തനുമായിരുന്നു പാസ്റ്റർ അതിശയം. ഉല്പത്തി, റോമർ, വെളിപ്പാട് മുതലായ പുസ്തകങ്ങളുടെ വ്യാഖ്യാനവും ആത്മപ്രചോദിതങ്ങളായ അനേകം ഭക്തിഗാനങ്ങളും അദ്ദേഹം മലയാണ്മക്ക് ദാനം ചെയ്തിട്ടുണ്ട്. 1958 മെയ് രണ്ടിന് നിത്യതയിലേക്ക് ചേർക്കപ്പെട്ടു.

## പൂവത്തൂർ ഉണർവ്വ്

1929ൽ മലയാളക്കരയെ ആത്മിക നവോത്ഥാനത്തിന്റെ ശൃംഖലയിലേക്ക് തൊട്ടുണർത്തിയ ഒരു ഉണർവ്വ് നടക്കുകയുണ്ടായി. ചെങ്ങന്നൂരിനും കോഴഞ്ചേരിക്കും മദ്ധ്യേ പൂവത്തൂർ എന്ന ചെറിയ ഗ്രാമത്തിലാണ് ഇതു നടന്നത്. അതിനാൽ പൂവത്തൂർ ഉണർവ്വ് എന്ന പേരിൽ ഇത് വിഖ്യാതമാണ്.

1926ൽ തിരുനെൽവേലി സ്വദേശിയായിരുന്ന തങ്കയ്യ അതിശയം എന്ന ഹൈസ്കൂൾ അദ്ധ്യാപകൻ തന്റെ ജോലി രാജി വെച്ച് പ്രത്യേക നിയോഗ പ്രകാരം കേരളത്തിലെത്തിച്ചേർന്നു. അദ്ധേഹത്തിന്റെ പ്രസംഗോദ്ധരണിയിൽ ആകൃഷ്ടനായ മഹാകവി കെ.വി സൈമൺസാർ അദ്ദേഹത്തെ ആറാട്ടുപുവ വിയോജിത കൺവെൻഷനിൽ പ്രസംഗിക്കുവാൻ ക്ഷണിച്ചു. എന്നാൽ പാസ്റ്റർ അതിശയത്തിന്റെ രോഗശാന്തിക്കായി എന്ന വിഷയം വിയോജിതർക്ക് ഇഷ്ടപ്പെട്ടില്ല. എന്നാൽ പൂവത്തൂർ മേഖലയിലെ സ്വതന്ത്ര വിയോജിതരിലെ മണിയാറ്റു സഹോദരൻമാർ അദ്ദേഹത്തെ തങ്ങളോടൊപ്പം ക്ഷണിക്കുകയും അതിശയം സാർ ആ പ്രദേശങ്ങളിൽ ബൈബിൾ ക്ലാസ്സുകളും സഭാ സ്ഥാപനങ്ങളും നടത്തിപ്പോന്നു. എന്നാൽ അദ്ദേഹം അഭിഷേകം പ്രാപിച്ചിരുന്നില്ല. അതിനായി അദ്ദേഹം അതിയായി വാഞ്ചിച്ചുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം സ്വദേശത്തെക്കു പോകുകയും 1924 മെയ് മാസത്തിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും ചെയ്തു. ഈ വിവരം കത്തു മുഖേന പൂവത്തൂർകാരെ അറിയിച്ചു. മണിയാറ്റൂർ തൊമ്മാച്ചൻ ഖണ്ഡിതമായി പരിശുദ്ധാത്മാഭിഷേകത്തിന് എതിരായിരുന്നു. അതിശയം സാർ അഭിഷിക്തനായി എന്നറിഞ്ഞപ്പോൾ എങ്കിൽ വേഗം വന്നാട്ടെ എന്ന് അവർ മറുപടിയും അയച്ചു.

അങ്ങനെ 1929 ജൂൺ മാസത്തിന്റെ സമാപനത്തിൽ അദ്ദേഹം പൂവത്തൂരിലെത്തുകയും ഉടൻ തന്നെ ഒരു ഉപവാസ പ്രാർത്ഥന ക്രമീകരിക്കുകയും ചെയ്തു. ഒരു വലിയ ഉണർവ്വിന്റെ നാന്ദിയായിരുന്നു അത്. അതിന്റെ അലയൊലികൾ ചുറ്റുപാടുകളിലേക്ക് പരന്നു. ആയിരങ്ങൾ ഈ യോഗങ്ങളിൽ സംബന്ധിച്ചു. ആത്മീകവും ശാരീരികവുമായ വിടുതൽ പ്രാപിച്ചു. പിൽക്കാലത്ത് പെന്തക്കോസ്തു ചരിത്രത്തിൽ പ്രഗത്ഭനായ പി.എം. ഫിലിപ്പ് എന്ന കൊച്ചാപ്പി അദ്ദേഹത്തിന്റെ പിതാവ് പൊടിമല മത്തായിച്ചൻ പിന്നെ പൂവത്തൂരിലെ വിയോജിതർ ആകമാനം ഈ ഉണർവ്വിലാണ് പരിശുദ്ധാത്മാവ് അഭിഷേകം പ്രാപിച്ചത്.

346 പേർ ഈ ഉണർവ്വിന്റെ ഫലമായി സ്നാനപ്പെട്ടു. അഭിഷേകം പ്രാപിച്ചവരുടെ അംഗസംഖ്യ ലഭ്യമല്ല. പൂവത്തൂർ ഉണർവ്വിന്റെ ചെറിയ പതിപ്പുകളായി അനേകയിടങ്ങളിൽ ഉണർവ്വു നടന്നിട്ടുണ്ട്. സിയോൻ കുന്ന് ബൈബിൾ കോളേജിലും, തെള്ളിയൂർ, കുമ്പനാട്, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ നടന്ന ഉണർവ്വ് അതിനുദാഹരണങ്ങളാണ്.

പാസ്റ്റർ റ്റി.എം. വർഗീസ് അഭിഷേകം പ്രാപിക്കുന്നതും പൂവത്തൂർ ഉണർവ്വിൽ വെച്ചായിരുന്നു. 1929 ലും 1930 ലുമായി മഹാ പ്രസ്ഥാനങ്ങൾ വേർപിരിയുന്നതിന് തൊട്ടുമുമ്പായിരുന്നു പൂവത്തൂർ ഉണർവ്വു നടന്നത്. കേരളത്തിലെ ആദ്യത്തെ പെന്തക്കോസ്തു ഉണർവ്വായിരുന്നു പൂവത്തൂർ ഉണർവ്വ്.

## റ്റി.എം. വർഗീസ്

പുത്തൻകാവ് ആലുംമൂട്ടിൽ തോട്ടുംകര മാമൻ അവറുകളുടെ പുത്രനായി 1898 - ൽ റ്റി.എം. വർഗ്ഗീസ് ജനിച്ചു. 1918 ആഗസ്റ്റ് 12-ാം തീയതി കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം കോട്ടയത്ത് ബേക്കർ മെമ്മോറിയിൽ ഗേൾസ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരിക്കേ സുവിശേഷ വേലയ്ക്കായി ദൈവവിളി ഉണ്ടായി. തുടർന്ന് ജോലി രാജിവെയ്ക്കുകയും 1925- ൽ കർത്തൃ വേലയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ഭാര്യയേയും മക്കളേയും കൂട്ടി അദ്ദേഹം മുളക്കുഴയിൽ താമസമാക്കി. 1927- ൽ കുക്കു സായ്പ് മുളക്കുഴ സീയോൻ കുന്നിൽ താമസം ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൾ ബ്ലോസത്തെ മലയാളം പഠിപ്പിച്ചത് റ്റി.എം. സാർ ആയിരുന്നു. അങ്ങനെ ബ്ലോസത്തിൽ നിന്ന് സ്നാന ഉപദേശങ്ങൾ പഠിക്കുകയും തുടർന്ന് സ്നാനപ്പെടുവാൻ ആഗ്രഹിച്ച അദ്ദേഹത്തിന്റെ സ്നാനം മുടക്കുവാൻ സ്ഥലവാസികളും കുടുംബക്കാരും ശ്രമിച്ചു. 1928- ൽ സീയോൻകുന്നിൽ സ്നാനത്തൊട്ടി നിർമ്മിച്ച് പാസ്റ്റർ കുക്ക് റ്റി.എം. വർഗ്ഗീസിനെ അവിടെ സ്നാനപ്പെടുത്തി. 1929- ൽ പൂവത്തൂർ ഉണർവ്വുകാലത്ത് റ്റി.എം. വർഗ്ഗീസ് അഭിഷേകം പ്രാപിച്ചു. തുടർന്ന് പാസ്റ്റർ കുക്കിന്റെ സണ്ടേ സ്കൂൾ സെക്രട്ടറി, ഓഫീസ് സെക്രട്ടറി തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിച്ചു. 1936 സെപ്തംബർ മുതൽ കൗൺസിൽ സെക്രട്ടറിയായി. തുടർന്ന് ഫീൽഡ് സെക്രട്ടറിയായും 1965 വരെ സ്തുത്യർഹമായി സേവനം ചെയ്തു. ബൈബിൾ സ്കൂൾ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1985 ജൂൺ 5ന് പാസ്റ്റർ റ്റിയും വർഗ്ഗീസ് കർത്തൃ സന്നിധിയിൽ പ്രവേശിച്ചു.

## എ.ജി. ബന്ധം വിടുന്നു

1929-ൽ സുപ്രസിദ്ധ പൂവത്തൂർ ഉണർവ്വാണ് കുക്ക് സായ്പിന് എ.ജി.യുമായുള്ള ബന്ധം വിടുവാൻ സഹായകമായത്. അപ്പോൾ തന്നെ ആ വർഷം രൂപീകൃതമായ ദക്ഷിണേന്ത്യ- സിലോൺ കൗൺസിൽ ഓരോ മിഷനറിമാർക്കുമുള്ള പ്രവർത്തന പരിധി നിശ്ചയിച്ചിരിക്കുന്നു. ഇത് തങ്ങളുടെ സ്വാതന്ത്ര്യത്തിലുള്ള കൈകടത്തലായി സ്വദേശിയരായ നേതാക്കൾ കരുതുകയും എ.ജി.യുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ അവർ കുക്ക് സായ്പിനെ ഉത്സാഹിപ്പിക്കുകയും ചെയ്തു. ഈ സമയത്താണ് പൂവത്തൂർ ഉണർവ്വ് നടക്കുന്നത്. സ്വതന്ത്ര ചിന്താഗതിക്കാരനായ പാസ്റ്റർ എ.ആർ.റ്റി. അതിശയത്തെ ദൈവം ഉപയോഗിക്കുന്നതിൽ കുക്കു സായ്പും ആകൃഷ്ടനായി എന്നുമാത്രമല്ല അനുബന്ധമായി സീയോൻ കുന്നിൽ ഉണ്ടായ ഉണർവ്വ് തന്റെ തീരുമാനത്തെ ത്വരിതപ്പെടുത്തുകയും ചെയ്തു.

എന്നാൽ ഈ ബന്ധ വിച്ഛേദത്തിന് അദ്ദേഹത്തെ ഏറെ പ്രേരിപ്പിച്ചത് പാസ്റ്റർ കെ.ഇ. ഏബ്രഹാം തന്നെയായിരുന്നു എന്നാണ് പൊതുവെ അഭിപ്രായപ്പെടുന്നത്. കാരണം പ്രഗത്ഭമായ തന്റെ ശുശ്രൂഷ സഞ്ചാര നിഷേധം നിമിത്തം തടയപ്പെടുമോ എന്ന് അദ്ദേഹം സംശയിച്ചിരുന്നു.

കാരണങ്ങൾ എന്തായിരുന്നാലും 1929 ഒക്ടോബർ മാസത്തോടുകൂടി 1926 മുതൽ അസംബ്ലീസ് ഓഫ് ഗോഡുമായുണ്ടായിരുന്ന ബന്ധം എന്നെന്നേക്കുമായി കുക്ക് സായ്പ് അവസാനിപ്പിച്ചു.

## മഹാ പ്രസ്ഥാനങ്ങൾ വേർപിരിയുന്നു

1926 ഒക്ടോബർ മാസത്തിൽ ഒന്നായിത്തീർന്ന ഇരുപ്രസ്ഥാനങ്ങളുടെ (കുക്ക് സായ്പ്പും ഉണ്ണൂണ്ണിസാറും) ഐക്യത 1930 ജനുവരി വരെ മാത്രമേ നിലനിന്നിരുന്നുള്ളൂ. കുക്ക് സായ്പ്പിനെ ഒറ്റപ്പെടുത്തിക്കൊണ്ട് ഉണ്ണൂണ്ണിസാറിന്റെ നേതൃത്വത്തിൽ സ്വദേശീയരായ നേതാക്കന്മാർ വേറിട്ടുപോയി. കുക്കുസായ്പ്പിന്റെ കൂടെ ഉണ്ടായിരുന്ന കെ.സി. ഉമ്മൻ, ഏ.സി. ശമുവേൽ എന്നിവരും പിരിഞ്ഞുപോയി അങ്ങനെ മലങ്കര പൂർണ്ണ സുവിശേഷ സഭയിൽ റ്റി.എം.വർഗ്ഗീസും ഏതാനും ചില നേതാക്കളും പിന്നെ ദളിത് ക്രൈസ്തവ വിശ്വാസികളും മാത്രമായി. അങ്ങനെ കുക്ക് സായ്പ്പ് തന്റെ മലങ്കര പൂർണ്ണസുവിശേഷ സഭ ഒരു സ്വതന്ത്ര പ്രസ്ഥാനമായി തന്നെ മുന്നോട്ടുകൊണ്ടുപോയി.

ഈ നിലയിൽ കേരളത്തിൽ മൂന്ന് മഹാ പ്രസ്ഥാനങ്ങൾക്ക് 1929-30 കാലഘട്ടം ആരംഭം കുറിച്ചു.

## കുമ്പനാട് മൈതാനം (1931)

കുക്കു സായ്പ്പ് വാർഷിക കൺവൻഷൻ നടത്തുന്നതിന് സൗകര്യപ്രദമായി ഒരു സ്ഥലം ലഭിക്കുന്നതിനുവേണ്ടി താല്പര്യപ്പെട്ടു നടത്തിയ അന്വേഷണത്തിൽ കുമ്പനാട്ടു വസ്തു കാണുകയും 1931 സെപ്റ്റംബർ 29-ാംതീയതി വാങ്ങുവാൻ കർത്താവ് സഹായിക്കുകയും ചെയ്തു.

## അനുബന്ധം

1914-ൽ ആരംഭിച്ച സഭ 1930 ൽ 40 ആയി. അതായത് 15 വർഷംകൊണ്ട് 39 സഭകളായി. പ്രതിവർഷം 26 സഭകൾ വീതം ഒന്നുമില്ലായ്മയിൽ നിന്നുള്ള ഈ വളർച്ചയായിരുന്നു സഭയുടെ അടിസ്ഥാനം.

# B. ഇൻഡ്യ ദൈവസഭ

## (1936 മുതൽ 1971 വരെ)

# അദ്ധ്യായം 3
# ഇന്ത്യാ ദൈവസഭ

1930 ലെ വേർതിരിവ് കുക്കുസായ്പിനെ വല്ലാതെ ഉലച്ചു. വിഘടിതർ(.........) എന്നാണ്. അവരെകുറിച്ച് കുക്കുസായ്പ്പ് പിന്നീട് ഒരു അനുസ്മരണയിൽ രേഖപ്പെടുത്തിയത്. എ.ജി.യുമായി നിലവിലുണ്ടായിരുന്ന കൂട്ടായ്മ ബന്ധം ഉപേക്ഷിച്ച് തനിയെ നില്ക്കുവാൻ പ്രേരിപ്പിച്ചവർ തന്നെ ഉപെക്ഷിച്ചു പോയത് ഒരു വലിയ തിരിച്ചടിയായി ചോദ്യചിഹ്നമായി കുക്കു സായ്പിന്റെ മുമ്പിൽ നിന്നു. പിന്നോക്കക്കാരുടെ പിൻബലം തനിക്ക് കിട്ടിയിരുന്നുവെങ്കിലും അവർ ഒരു സാമ്പത്തിക ബാദ്ധ്യതയായി മറത്തക്കവിധം നിസ്സഹായരും എളിയവനും ആയിരുന്നു. ആ എളിയവരുടെ കണ്ണുന്നീർ താൻ എങ്ങിനെ ഒപ്പും എന്ന ചിന്തയും കുക്കുസായിപ്പിനെ ആധി പിടിപ്പിച്ചു. അദ്ദേഹം ശാരീരികമായി വളരെ ക്ഷീണിച്ചു. അവശനും ആകുലനും മുകനും ആയിപ്പോയ അദ്ദേഹം ആ നാളുകൾ എങ്ങിനെ കഴിച്ചുകൂട്ടി എന്ന് ചരിത്രം തന്നെ മൗനമാണ്. താൻ കുറച്ചൊക്കെ അവ സ്വന്തം ശരീരത്തിലും വഹിച്ചു എന്നു ഗ്രഹിക്കാം.

വിഘടിത ഗ്രൂപ്പിൽ ഉൾപ്പെടാതെ തോട്ടുംകര ടി എം വർഗ്ഗീസ് അദ്ദേഹത്തോടോപ്പം നിന്നത് കുക്കു സായിപ്പിന് വളരെ ആശ്വാസമായി. വേർപിരിവിനുശേഷം കുക്കുസായിപ്പിന്റെ നിയന്ത്രണത്തിൽ നാൽപ്പതോളം(40) സഭകളുണ്ടായിരുന്നു. മലങ്കര പൂർണ്ണ സുവിശേഷസഭ എന്ന പേരിൽ സ്വതന്ത്ര പ്രസ്ഥാനമായി തന്നെ മുന്നേറി.

ഇവ്വിധം വർഷങ്ങൾ ചിലത് മുന്നോട്ട് പോയി പണപരമായി സായിപ്പ് വളരെ ഞെരുങ്ങി. തന്റെ നിയന്ത്രണത്തിൻ കീഴിലുണ്ടായിരുന്ന സഭകൾ ഒന്നും തന്നെ സ്വയംപര്യാപ്തമല്ലായിരുന്നു എന്ന് മാത്രമല്ല അവരെ സഹായിക്കുക എന്നത് കുക്കിന് ഒരു ബാധ്യതയായും തീർന്നു. തൽഫലമായി കെട്ടുറപ്പുള്ള ഏതെങ്കിലും ഒരു സംഘടനയുമായി ചേർന്നു പ്രവർത്തിക്കേണ്ടുന്ന ആവശ്യം ഏറി വന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും ഇതേ അഭിപ്രായക്കാർ തന്നെയായിരുന്നു. ഇങ്ങനെ ഒരു തീരുമനം ഉണ്ടാകേണ്ടതിന് നിദാനമായയി ഭവിച്ച മറ്റൊരു സംഭവവും കേരള പെന്തക്കോസ്തു ചരിത്രത്തിൽ നടന്നു. റവ. സ്വാൻ എന്നൊരു മിഷനറി ഇൻഡ്യാ പെന്തക്കോസ്തു സഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ.ഇ. ഏബ്രഹാം, പാസ്റ്റർ കെ.സി. ചെറിയാൻ എന്നിവരെ പരിചയപ്പെടുകയും അവരെ സ്വീഡനിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇവരുടെ സ്വീഡൻ യാത്ര ഒരു മുന്നറിയിപ്പായി തന്നെ കുക്ക് സായ്പ് എടുത്തു. കാരണം അവർ യൂറോപ്യൻ സഭകളുടെ പിൻബലവും സാമ്പത്തിക സഹായവും നേടി മടങ്ങിവരുമ്പോൾ തന്റെ ചുമതലയിലുള്ള പ്രവർത്തനങ്ങൾക്ക് അത് സാരമായ ഒരു തിരിച്ചടിയായിരിക്കുമെന്ന് കുക്ക് സായ്പിന് ബോദ്ധ്യമായി.

സാധാരണയായി അദ്ദേഹവും കുടുംബവും ഊട്ടിയിൽ വേനൽക്കാലം ചെലവിടുവാൻ പോകുമായിരുന്നു. എന്നാൽ കഴിഞ്ഞ ചില വർഷങ്ങളായി കടുത്ത സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ചതിനാൽ അതിനു കഴിയാതെ പോയി. പകരം പീരുമേട്ടിലേക്കാണ് പോയത്. പാമ്പനാറിലും മറ്റും അദ്ദേഹം കുടുംബസമേതം ഇങ്ങനെ ചെലവഴിച്ചു.

എന്നാൽ 1936-ൽ കടുത്ത സാമ്പത്തിക ബാദ്ധ്യതകളെ അവഗണിച്ച് അദ്ദേഹം ഊട്ടിയിലേക്ക് പോയി. ആ യാത്ര ദൈവം തനിക്കായി പ്രത്യേകമായി പ്രവർത്തിക്കുന്ന വഴിയായിരുന്നുവെന്ന് പിൽക്കാ ചരിത്രം സാക്ഷ്യം പറയുന്നു.

ഊട്ടിയിൽ മിസ്സിസ്സ് ഫ്രാൻസെസ്ക ഗ്യാബിൾ എന്നൊരു വനിത മിഷനറിമാർക്കായി ഒരു വേനൽക്കാല

വസതി നടത്തിയിരുന്നു. വേനൽക്കാലമാകുമ്പോഴേക്കും തെക്കേ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നും മിഷനറിമാർ ഇവിടെ വരിക പതിവായിരുന്നു. കുക്ക് സായ്പും ബേർത്താകുക്കും 1936ലും ഇവിടെ തന്നെയാണ് അവധിക്കാലം ചെലവിട്ടത്.

ഗോൾഡൻ ടൂർ പ്രോഗ്രാമുമായി യാത്ര ചെയ്തിരുന്ന ഇൻഗ്രാമും ദേവഗത്യാ ഇവിടെത്തന്നെയെത്തി. ജോൺമനോഹ എന്ന മിഷനറി കുക്ക് സായ്പിനെ ഇൻഗ്രാമിന് പരിചയപ്പെടുത്തിക്കൊടുത്തു.

## ജോൺമനോഹ

സഭാ ചരിത്രത്തിൽ വെറും ഒരു റേന്തക്കച്ചവടക്കാരനായി എന്ന നിലയിൽ അപഹാസ്യ രൂപത്തിൽ സ്ഥാനം പിടിച്ചിരിക്കുന്ന ഒരു വ്യക്തിയാണ് ജോൺ മനോഹ. എന്നാൽ അദ്ദേഹം ഒരു വെറും റേന്തക്കച്ചവടക്കാരനല്ലായിരുന്നു എന്നതാണ് വാസ്തവം.

യുണൈറ്റഡ് ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ ഒരു സഞ്ചാരസുവിശേഷകനായിരുന്നു ജോൺ മനോഹ. ഓർക്കുക, അദ്ദേഹത്തെപ്പോലെയുള്ള സഞ്ചാര സുവിശേഷകരാണ് പെന്തക്കോസ്തിന്റെ അഗ്നിജ്വാലയെ ഇന്ത്യയുടെ ഗ്രാമാന്തരങ്ങളിലും ഉൾപ്രദേശങ്ങളിലും എത്തിച്ചത്. സുവിശേഷ വേലയ്ക്കായി അദ്ദേഹം തെരഞ്ഞെടുത്ത ഒരു മറയായിരുന്നു. റേന്തക്കച്ചവടം ഒപ്പം തന്റെ വരുമാനമാർഗ്ഗവും 'ചിന്തിക്കവടക്കാർ' എന്നുപേരു കേട്ടിരുന്ന ഒരു വിഭാഗം വണിക് സംഘങ്ങൾ നമ്മുടെ നാട്ടിൽ സുലഭമായിരുന്നുവല്ലോ. വള, റിബ്ബൺ, കൺമഷി, അരഞ്ഞാണച്ചരട് എന്നുവേണ്ട അന്നത്തെ അവശ്യവസ്തുക്കളായി ഗണിക്കപ്പെട്ടിരുന്ന സകലവസ്തുക്കളുമായി ചെറിയ ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളായി ' ഡയറക്ട് ടു ഹോം' സമ്പ്രദായ പ്രകാരം ഗ്രാമ പ്രദേശങ്ങളിലും ഇവർ ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും കച്ചവടം നടത്തിയിരുന്നു. പാതയോരത്തും, കൂട്ടുകുടുംബ മുറ്റങ്ങളിലും വാചകമടിച്ച് ആളുകൂട്ടി കച്ചവടം നടത്തിയിരുന്ന രീതിയായിരുന്നു അവർ അവലംബിച്ചിരുന്നത്.

ജോൺ മനോഹയും സുവിശേഷ പ്രവർത്തനത്തിനായി തെരഞ്ഞെടുത്തത് ഈ മാർഗ്ഗമായിരുന്നു. സാധനങ്ങൾ വാങ്ങാൻ വരുന്ന ആളുകളെ, വിശിഷ്യ സ്ത്രീകളെ ചെറിയ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് അവരോട് സുവിശേഷം പറയുന്ന രീതിയായിരുന്നു അദ്ദേഹം അവലംബിച്ചിരുന്നത്. ഒരിക്കൽ എന്തോ പൊതിഞ്ഞുകൊണ്ടുവന്ന ഒരു കടലാസ് അദ്ദേഹം നിവർത്തിവായിച്ചപ്പോൾ അത് ദൈവസഭയുടെ ഔദ്യോഗിക നാവായിരുന്ന ചർച്ച് ഓഫ് ഗോഡ് ഇവാൻജലിന്റെ ഒരു താളായിരുന്നു. അതിൽ അഖിലലോക ദൈവസഭയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ മേൽവിലാസം ഉണ്ടായിരുന്നു. പ്രസ്തുത മേൽവിലാസത്തിൽ അമേരിക്കയിലേക്ക് എഴുതിയ മനോഹയെ ദൈവസഭ അംഗീകരിക്കുകയും ................. ആയി നിയമിക്കുകയും, ഒരു ചെറിയ പ്രതിമാസ സഹായം നൽകുകയും ചെയ്തു. 1935 ൽ ആയിരുന്നു ഇത്. ജോൺ മനോഹയാണ് ദൈവസഭയുടെ ആദ്യത്തെ അംഗീകരിക്കപ്പെട്ട സുവിശേഷകൻ അഥവാ മിഷനറി. അദ്ദേഹത്തിന് നീലഗിരിയിൽ ഒരു അനാഥശാലയും സഭയും ഉണ്ടായിരുന്നു. എന്നാൽ ഈ സഭ പെന്തക്കോസ്തു സഭ ആയിരുന്നുവോ എന്ന് സംശയമുണ്ട്.

കുക്കു സായ്പ്പ് ചൂടുകാലം ചെലവഴിക്കുവാൻ നീലഗിരിക്കുന്നുകളിൽ (ഊട്ടി) എത്തുന്ന പതിവ് ഉണ്ടായിരുന്നുവല്ലോ. അങ്ങനെ ഇവർ തമ്മിൽ മുൻപരിചയം ഉണ്ടായിരുന്നു.

1936ൽ ഇൻഗ്രാം ഇന്ത്യയിൽ എത്തുന്നതായും അദ്ദേഹത്തെ സന്ധിക്കണമെന്ന് മനോഹായ്ക്ക് ഫോറിൻ മിഷൻസിൽ നിന്നും അറിയിപ്പുണ്ടായി. (അന്ന് വേൾഡ് മിഷൻസ് അല്ല) അതനുസരിച്ച് ഊട്ടിയിൽ ഇൻഗ്രാം എത്തിയപ്പോൾ മനോഹ അദ്ദേഹത്തെ അവിടെ ചെന്നുകണ്ടു. കുക്കുസായ്പ്പ്

നേരത്തെ നൽകിയിരുന്ന ലെറ്റർഹെഡ് ഈ അവസരം മനോഹയുടെ കൈവശം ഉണ്ടായിരുന്നു. ഇന്ത്യയിലെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കവെ മനോഹ പ്രസ്തുത ലെറ്റർ ഹെഡ് ഇൻഗ്രാമിനെക്കാണിച്ച് ഈ ആളിനെ പരിചയമുണ്ടോ എന്ന് അന്വേഷിച്ചു. അറിയില്ലെന്നു പറഞ്ഞ ഇൻഗ്രാം കുക്കിനെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കുകയും തമ്മിൽ കാണുവാൻ താല്പര്യം പ്രകടിപ്പിച്ച് തന്റെ വിസിറ്റിംഗ് കാർഡ് കൊടുക്കുകയും ചെയ്തു.

ഈ അവസരം കുക്കുസായ്പ് വേനൽക്കാലം ചെലവിടുവാനായി ഊട്ടിയിൽ എത്തിയിട്ടുണ്ടായിരുന്നു. ഇൻഗ്രാമിന്റെ വിസിറ്റിംഗ് കാർഡുമായി മനോഹ അദ്ദേഹത്തെ സന്ദർശിച്ച് ഈ ആളിനെ അറിയുമോ എന്ന് ചോദിച്ചു. ആ കാർഡിലേക്ക് കണ്ണുപായിച്ച ഉടനെ 'ഇതാ നിന്റെ സഹായം' എന്ന് പരിശുദ്ധാത്മാവ് കുക്കുസായ്പിനോട് സംസാരിച്ചു. അങ്ങനെ മനോഹയിലൂടെ ഇരുവരും തമ്മിൽ ഒരു കൂടിക്കാഴ്ച നിശ്ചയിക്കപ്പെട്ടു. ഇൻഗ്രാമിന്റേയും കുക്കിന്റേയും കൂടിക്കാഴ്ച ഹൃദ്യമായിരുന്നു. സംസാരത്തിലുടനീളം ആത്മാവിന്റെ സ്വാതന്ത്ര്യവും ക്രിസ്തീയ സാഹോദര്യത്തിന്റെ ഊഷ്മളതയും നിറഞ്ഞു തുളുമ്പിനിന്നു. ഇരുവരും ആത്മാവിന്റെ സാക്ഷ്യത്തിൽ പരസ്പരം അറിയുകയും അംഗീകരിക്കുകയും ചെയ്തു.

ഇൻഗ്രാമുമായി കൂടി കാണുന്നതുവരെയും അമേരിയ്ക്കയിൽ ക്ലീവ്ലാൻഡ് ടെന്നസ്സി കേന്ദ്രമാക്കി ദൈവസഭ എന്നൊരു പെന്തക്കോസ്തു പ്രവർത്തനം നിലവിലുണ്ടെന്ന് താൻ കേട്ടിട്ടുപോലുമില്ലന്ന് കുക്കു സായ്പ് രേഖപ്പെടുത്തുന്നു. (ആത്മകഥ - പേജ് 211)

ദൈവസഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിരുന്ന ദൈവസഭയുടെ പഠിപ്പിക്കലുകളും ഉപദേശങ്ങളും വിശദമായി പഠിച്ചപ്പോൾ അവ കുക്കു സായ്പ് വിശ്വസിക്കുകയും പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് തന്നെയാണ് എന്ന് ബോധ്യമായി. ആകയാൽ കേരളത്തിലുള്ള സഹോദരന്മാരും സഭകളും ചേർന്ന് ദൈവസഭകളുമായി സഹകരണ ബന്ധത്തിൽ വരുന്നതിന് കുക്കു സായ്പും ആഗ്രഹിച്ചു. ചില ദിവസത്തെ പ്രാർത്ഥനയ്ക്കുശേഷം ഇക്കാര്യം കാണിച്ച് കുക്ക് സായ്പ് കേരളത്തിലേക്ക് കത്തെഴുതുകയും കൂടുതൽ ആലോചനകൾക്കായി പ്രതിനിധി സമ്മേളനം വിളിച്ചുകൂട്ടുവാൻ ആവശ്യപ്പെടുകയും ചെയ്തു.

ഇവിടെ തന്റെ നിയോഗം പൂർത്തീകരിച്ച് പേരും പെരുമയും ഇഷ്ടപ്പെടാത്ത ജോൺ മനോഹ എന്ന ചരിത്രപുരുഷൻ ചരിത്രത്തിൽ അപ്രത്യക്ഷനാവുകയാണ്! അങ്ങനെ കുക്ക് സായ്പ് ഇൻഗ്രാമിനെ കൂട്ടിക്കൊണ്ട് മുളക്കുഴയിലെത്തി. അവർ എത്തിയപ്പോഴേക്കും കേരളത്തിൽ അത്യുൽസാഹത്തോടെ തന്നെ ആലോചനകൾക്കായുള്ള ക്രമീകരണങ്ങൾ തയ്യാറാക്കപ്പെട്ടിരുന്നു. 1936 മെയ് 15-ാം തീയതി മലങ്കര പൂർണ്ണ സുവിശേഷ സഭയുടെ പ്രതിപുരുഷയോഗം സിയോൻ കുന്നിൽ വച്ച് നടന്നു. ദൈവസഭയുടെ നയം വിശദീകരിച്ചു ഇൻഗ്രാം സംസാരിച്ചു. പ്രതിപുരുഷയോഗം ഐക്യകണ്ഠേന ലയനതീരുമാനം അംഗീകരിക്കുകയും ദൈവസഭയോടു ചേരുകയും ചെയ്തു. സഭയുടെ പ്രവർത്തന ലക്ഷ്യം കേരളത്തിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും വ്യാപ്തി ഇൻഡ്യമുഴുവനും ആയിരിക്കണമെന്നും താല്പര്യപ്പെട്ട് ലയനാന്തരം സഭയുടെ പേര് 'ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭ' എന്നു വ്യത്യാസപ്പെടുത്തുന്നതിനും തീരുമാനിച്ചു. 1936 ൽ കുക്ക് സായ്പ് ഇൻഡ്യാ ദൈവസഭയുടെ പ്രഥമ മിഷനറി ഓവർസിയർ ആയി. പാസ്റ്റർ കെ.എം. വർഗീസ് പ്രഥമ ഫീൽഡ് സെക്രട്ടറിയും.

ദൈവസഭയുമായി ചേരുമ്പോൾ കുക്ക് സായ്പിന്റെ കീഴിൽ 63 സഭകളും 43 ശുശ്രൂഷകന്മാരും 2537 അംഗങ്ങളും മൗണ്ട് സീയോൻ ബൈബിൾ കോളേജിലും ഉണ്ടായിരുന്നു. അന്ന് 13134 ഡോളർ വില വരുന്ന വസ്തുവകകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുകയും ചെയ്തു.

കഷ്ടതയുടെ നടുവിലും സഭയുടെ പ്രവർത്തനങ്ങളും വളർന്നു എന്നുള്ളത് അത്ഭുതാവഹമാണ്.

1930ൽ 40 സഭകൾ ഉണ്ടായിരുന്നത് 1936 മെയ് ആയപ്പോൾ 63 ആയി വർദ്ധിച്ചു. അതായത് അഞ്ചര വർഷം കൊണ്ട് 23 സഭകൾ പ്രതിവാർഷികമായി 42 സഭകൾ വീതം അദ്ദേഹം കടന്നുപോയ പ്രതിസന്ധികളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വളർച്ച ഗണനീയമാണ്. ഇത് 1930 വരെയുള്ള വളർച്ചയുടെ ഏകദേശം ഇരട്ടിയാണ്. പ്രതിസന്ധി സഭയെ വളർത്തുന്നു എന്നതിന്റെ ഉത്തമ ഉദാഹരണം!.ദൈവസഭയുമായി ചേർന്നതോടുകൂടെ ഇൻഡ്യയിലെ വേല തഴെക്കുവാൻ തുടങ്ങി. 'അമേരിക്കയിൽ നിന്നും പണം വരുവാൻ തുടങ്ങി. പുതിയ ആരാധനാലയങ്ങൾ നിർമ്മിക്കുന്നു. ശുശ്രൂഷകർക്ക് പ്രതിമാസ സഹായം ചെയ്യുവാൻ സാധിക്കുന്നു. വേല വളരുകയാണ്'. കുക്കു സായ്പ്പ് എഴുതി.

ഇൻഡ്യ പൂർണ്ണ സുവിശേഷ ദൈവസഭയുമായി കേരളത്തിലെ പ്രസ്ഥാനം മാറിക്കഴിഞ്ഞ് മിഷൻ ബോർഡ് ഇൻഡ്യയിലേക് അയച്ച പ്രഥമ മിഷനറിയാണ് ഹോയൽ .എസ്.കെയ്സ്. ഇവരെക്കുറിച്ച് പിന്നാലെ പ്രതിപാദിക്കുന്നതിനാൽ വിട്ടുകളയുന്നു.

## 1938 ലെ വാർഷിക കൺവെൻഷൻ

1938 ലെ ജനറൽ കൺവൻഷൻ ജനുവരി 9 മുതൽ 16 വരെ കുമ്പനാട്ടു വച്ച് അതിശക്തമായ ദൈവീക സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. ഇംഗ്ലീഷ് മിഷനറിയും അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തകനുമായ ബ്രദ: ലിസവിയും അദ്ദേഹത്തിന്റെ ഭാര്യയും യോഗങ്ങളിൽ സംബന്ധിച്ച് വചനം പ്രസംഗിച്ചു. തമിഴ്നാട്ടിൽ നിന്നും, തെലുങ്ക് ദേശത്തുനിന്നും ഉള്ള കേഴ്വിക്കാർ ഉണ്ടായിരുന്നതിനാൽ വിവിധ ദാഷകളിലേക്ക് ന്ദേശം വിവർത്തനം ചെയ്തുകൊണ്ടിരുന്നു. കൺവൻഷന്റെ അവസാന യോഗത്തിൽ 10,000 പേർ സംബന്ധിച്ചിരുന്നു. പന്തലിൽ സ്ഥലം ഇല്ലാതിരുന്നതിനാൽ വെയിൽ സഹിച്ചും മരത്തണലുകൾ ആശ്രയമാക്കിയും അനേകർ യോഗം ശ്രവിച്ചു. അവസാന ദിവസം 32 പേരോളം സ്നാനത്തോടെയാണ് യോഗം ആരംദിച്ചത്. അവസാന ദിനമായപ്പോഴേക്കും ജനങ്ങളുടെ മുഖത്തെ സന്തോഷം അവർണ്ണ്യമായിരുന്നു. 'നാം പൂർണ്ണ സുവിശേഷത്തിലേക്ക് കടന്നു പോകുക'. എന്ന പരിശുദ്ധാത്മ നിർദരമായ ആഹ്വാനത്തോടെയാണ് പാസ്റ്റർ കുക്ക് തന്റെ പ്രസംഗത്തിന് വിരാമമിട്ടത്.

## ഉണർവിൻ മാരി

1939 ലെ വാർഷിക കൺവൻഷൻ പരിശുദ്ധാത്മ ശക്തിയുടെ അനന്ത പ്രവാഹത്തിന് കാരണമായിത്തീർന്നു. ഈ യോഗങ്ങളിൽ പാസ്റ്റർ കുക്കും ബ്രദ: എച്ച്. എൽ . കെയിസും മുഖ്യ പ്രഭാഷകരായിരുന്നു. പരിശുദ്ധാത്മ ശക്തിയുടെ അവർണ്ണനീയമായ ....... ആയിരുന്നു ആ കൺവൻഷൻ ദിനങ്ങളിൽ.

പാസ്റ്റർ കുക്കിന്റെ മകൻ പോൾ ആത്മാഭിഷേകം പ്രാപിക്കുന്നതും സുവിശേഷവേലയ്ക്കായി തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതും ഈ കൺവൻഷനിൽ വച്ചായിരുന്നു. പാതിരാത്രി വരെ നീണ്ടു നിന്ന യോഗങ്ങളിൽ അനേക രോഗികൾ സൗഖ്യം പ്രാപിച്ചു. ആ ഞായറാഴ്ചയിൽ 48 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു.

## പൂർണ്ണ സുവിശേഷം ഉത്തര കേരളത്തിൽ

ഉത്തര തിരുവിതാംകൂറിൽ സുവിശേഷ വളർച്ച ഗണ്യമായി വർദ്ധിച്ചുട്ടുണ്ടായിരുന്നു. എങ്കിലും അവിടെ ആരാധനാ സ്ഥലമോ സഭകളോ ഒന്നും തന്നെ ഇല്ലായിരുന്നു. മുളക്കുഴയിൽ നിന്നും 120 മൈൽ അകലെ ഉത്തര തിരുവിതാംകൂറിൽ പിറവം എന്ന സ്ഥലത്ത് ഒരു ആരാധനാലയം പണിയണമെന്ന

ബ്രദർ കെയിസിന്റെ ആഗ്രഹം സഫലമാക്കുന്നതിനായി പാസ്റ്റർ കുക്കും അദ്ദേഹത്തിന്റെ മകൻ ജോർജ്ജും, ഫീൽഡ് സെക്രട്ടറിയായിരുന്ന ശ്രീ. റ്റി.എം. വർഗ്ഗീസും അവിടെയെത്തി. നെൽപാടങ്ങളിലും ദവനങ്ങളിലുമായി നടത്തി വന്നിരുന്ന യോഗങ്ങൾ ഒരു ആലയത്തിൽ വെച്ചു നടത്തുന്നതിനുവേണ്ടി ഒരു സ്ഥലം ലഭിക്കുന്നതിനായി വളരെ മുട്ടുപ്പായി അവർ പ്രാർത്ഥിച്ചു. ദൈവം ആ പ്രാർത്ഥന കേട്ട് പ്രതികൂലങ്ങളുണ്ടായിരുന്നിട്ടും ആരാധനാസ്ഥലത്തിനും സെമിത്തേരിക്കുമായുള്ള സ്ഥലവും അവിടെ ലഭിച്ചു. ബ്രദർ കെയിസിന്റെ ഉത്സാഹഫലമായി അമേരിക്കയിലെ ഗ്രീൻവില്ലയിലെ സഭ 220 ഡോളർ ശേഖരിച്ച് ഇവിടുത്തെ പ്രവർത്തനങ്ങൾക്കായി സഹായിച്ചു.

ആ വർഷം തന്നെ ഡിസംബർ പതിനേഴാം തീയതി വെള്ളിയാഴ്ച പുതുതായി പണിത സദൈആ ഹോളിന്റെ ഡെഡിക്കേഷൻ ഒരു കൺവൻഷനൊടെ പാസ്റ്റർ കുക്കും സഹപ്രവർത്തകരും നടത്തുവാനിടയായി. യു. എസ്. എ യിലേക്ക് ഒരു തീർത്ഥയാത്ര.

ക്ലേശ പൂർണ്ണവും പ്രശ്നമുഖരിതവുമായ അന്തരീക്ഷത്തിൽ കർത്താവിനു വേണ്ടി ദാരത മണ്ണിൽ വിശ്വസ്തതയോടെ സേവനം ചെയ്ത പാസ്റ്റർ കുക്ക് അല്പകാല ആശ്വാസത്തിനായി അമേരിക്കൻ മണ്ണിലേക്ക് പോകുവാൻ തീരുമാനിച്ചു. അദ്ദേഹത്തിന് വിശ്രമം ആവശ്യമാണെന്ന് ചർച്ച് ഓഫ് ഗോഡിന് ബോദ്ധ്യമായതിന്റെ പേരിൽ 1939 ഓഗസ്റ്റ് മുപ്പതാം തീയതി പാസ്റ്റർ കുക്കിനെ അമേരിക്കയിലേക്ക് ക്ഷണിച്ചു. 1939 ഒക്ടോബർ 11-15 തീയതികളിൽ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ അസംബ്ലി ജോർജ്ജിയായിലെ അറ്റ്ലാൻഡയിൽ നടന്നപ്പോൾ അവിടെ ചെന്ന് സദാനേതൃത്വത്തോട് കേരളത്തിലെ വേലയുടെ പുരോഗതിയെക്കിറിച്ച് നേരിട്ട് പറയുവാനുള്ള ഒരു അവസരവുമായുരുന്നു അത്. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്റെ ഫലമായി അദ്ദേഹം സഞ്ചരിച്ചിരുന്ന ബ്രട്ടീഷ് കപ്പൽ വളരെ പ്രതികൂലത്തിലും അപകട സാധ്യതകളിലും ആയി തീർന്നു. എന്നാൽ പാസ്റ്റർ കുക്കിന്റെ സാന്നിദ്ധ്യം' ഒരോമ' എന്ന കപ്പലിലെ യാത്രക്കാരെ ധൈര്യപ്പെടുത്തുന്നതിന് ഇടയായി. ആ സമയത്ത് തന്റ മക്കളായ ബ്ലോസമും, ജോർജ്ജും ആയിരുന്നു. ഇവിടുത്തെ വേല നയിച്ചു കൊണ്ടിരുന്നത്.

## പാസ്റ്റർ കുക്കിന്റെ തിരിച്ചുവരവും കൺവൻഷനും

അവധി കഴിഞ്ഞ് മടങ്ങി വന്ന പാസ്റ്റർ കുക്കിനെ ജനങ്ങൾ ആവേശദരിതരായി സ്വീകരിച്ചു. അന്ന് 1941 ലെ വാർഷിക കൺവൻഷനുമായിരുന്നു. ആരംദ ദിവസത്തിൽ തന്നെ ഏതാണ്ട് പതിനായിരത്തോളം ആളുകൾ യോഗത്തിനു പങ്കെടുക്കുകയും പാസ്റ്റർ കുക്കിലൂടെ ദൈവിക ആലോചലകൾ വളരെ തീക്ഷ്ണതയോടെ ശ്രവിക്കുകയും ചെയ്തു. അനേകർ അശ്രുപൂർണ്ണരായി കർത്താവിനെ അത്യൂച്ചത്തിൽ സ്തുതിക്കുകയും സ്വർഗ്ഗത്തിൽ നിന്നും വീഴുന്ന വാക്കുകളായി അവർ ദൈവദാസനിലൂടെ വരുന്ന വചനത്തെ കൈക്കൊണ്ട് അനേകർ കർത്താവിനായി തങ്ങളെത്തന്നെ സമർപ്പിച്ചു.

### അനാഥശാലയുടെ ആരംഭം

1942 ലെ കൺവൻഷനിൽ മാനസാന്തരപ്പെട്ടു വന്ന ഒരു ഹൈന്ദവ യുവതിയെ അവളുടെ ദർത്താവ് ഉപേക്ഷിച്ചു. അവരുടെ അതികഠിന കഷ്ടത കണ്ട് അവരുടെ രണ്ട് ആൺകുട്ടികളേയും പാസ്റ്റർ കുക്കിന്റെ കുടുംബത്തിന്റെ സ്നേഹത്തിനും ലാളനത്തിനും വളർന്നു വരുവാനും ഇടയായി. ഒരു അനാഥശാല ആരംദിച്ചു എങ്കിലും പിൽക്കാലത്ത് ഇതിന്റെ പ്രവർത്തനം മന്ദീദവിച്ചു പോയി.

## ഉണർവ്വ്

1942 സെപ്റ്റംബർ പത്താം തീയതി ആരംദിച്ച ഒരി യോഗം ഉണർവ്വു യോഗമായി തീർന്നു.

ജനതാല്പര്യപ്രകാരം സെപ്റ്റംബർ മുപ്പതാം തീയതി വരെ യോഗങ്ങൾ നീണ്ടു. പൂവത്തൂർ ഉണർവ്വിന്റെ അത്രയും സ്വാധീനം ഈ ഉണർവ്വ് ചെലുത്തിയില്ല എങ്കിലും അന്ന് നിലവിലുണ്ടായ എതിർപ്പുകളെ തരണം ചെയ്യുവാൻ പ്രാപ്തി ഈ ഉണർവ്വ് മുഖേന ഉണ്ടാവുകയും സുവിശേഷ വേലയെ ശക്തിപ്പെടുത്തുകയും ചെയ്തു.

### യുവജന പ്രസ്ഥാനം

യുവജനങ്ങളുടെ ഇടയിൽ സംജാതമായ ആത്മീക മുന്നേറ്റത്തിന്റെയും ഉണർവ്വിന്റെയും ഫലമായി പാസ്റ്റർ സി.കെ.ജോണിന്റെയും ചുമതലയിൽ 19472ൽ യുവജന പ്രസ്ഥാനം ആരംഭിച്ചു. വൈ.പി.ഈ എന്ന് ഇതിനു നാമകരണം ചെയ്തു. സ്റ്റേറ്റ് ഓവർസിയർ നിയമിക്കുന്ന പ്രസിഡന്റാണ് സംസ്ഥാന ഭാരവാഹി. അദ്ദേഹത്തെ ചുമതലയിൽ ഇപ്പോൾ സഹായിപ്പാനായി ഒരു സെക്രട്ടറിയും യൂത്ത് ബോർഡും ഉണ്ട്.

---

## അദ്ധ്യായം 4
# ദൈവസഭാ ചരിത്രത്തിലേക്ക് കോടതി

1936 ൽ ഇന്ത്യാ ദൈവസഭയായി തീർന്നു മുതൽ കുക്ക് സായ്പ്പ് ദൈവസഭയുടെ മിഷനറി ഓവർസിയർ എന്ന പദവിയിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഇന്ത്യയിലെ പ്രവർത്തനങ്ങളിൽ തന്നെ സഹായിക്കുവാനായി വിശ്വസ്തരായ ചിലരെ അയച്ചു തരണമെന്ന് ചില നാളുകളായി പ്രാർത്ഥനയോടെ കുക്ക് സായ്പ്പ് മിഷൻസ് ബോർഡിനെ അറിയിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സഹായിയായി വന്ന് യുദ്ധം മൂലം മടങ്ങിപ്പോകേണ്ടി വന്ന ഹോയ്ൽ കെയിസ്, സായ്പ്പിന് വളരെ സഹായമായിരുന്നു. അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ മടക്കയാത്ര കുക്ക് സായ്പ്പിന് ബുദ്ധിമുട്ടായി.

1947 ൽ അമേരിക്കയിൽ നിന്നും റവ. സി.ഇ ഫ്രഞ്ച്, പത്നി, പോൾ എസ്. കുക്ക് എന്നിവരെ മിഷനറിമാരായി അയച്ചു. വേൾഡ് മിഷൻസിന്റെ നിയമപ്രകാരം ഒരു വ്യക്തിയെ ഒരു സ്ഥലത്തേക്ക് പന്ത്രണ്ടു വർഷം മാത്രമേ മിഷനറി ഓവർസിയർ പദവിയിൽ തുടരുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ആ നിലയിൽ 1948ൽ കുക്ക് സായ്പ്പിന്റെ കാലവധി ഇൻഡ്യയിൽ കഴിയുകയായിരുന്നു. ആയതിനാൽ സി.ഇ ഫ്രഞ്ചിനെ ഇന്ത്യാ ദൈവസഭയുടെ സെക്രട്ടറി-ട്രഷററായിട്ടാണ് അയച്ചത്. എന്നാൽ കുക്ക് സായ്പ്പിനെ ഈ വിവരം അറിയിച്ചിരുന്നില്ല.

ദൈവസഭയുമായി യോജിച്ചിരുന്നുവെങ്കിലും ഇന്ത്യയിലെ സഭകൾ കുക്ക് സായ്പ്പിന്റെ തന്നെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. വയോധികനായ അദ്ദേഹത്തോടു വിശ്വാസികൾക്കു ശുശ്രൂഷകർക്കും ബഹുമാനവും വിധേയത്വവും ഉണ്ടായിരുന്നു. ആയതിനാൽ പടിപടിയായി ദൈവസഭയുടെ ഭരണക്രമപ്രകാരം ഇന്ത്യയിലെ വേല ചിട്ടപ്പെടുത്തുക എന്ന ദൗത്യവും ഫ്രഞ്ചിൽ നിക്ഷിപ്തമായിരുന്നു. നിയമപ്രകാരം 1948 ൽ കുക്ക് സായ്പ്പ് മടങ്ങിപ്പോകേണ്ടിയിരുന്നു. എന്നാൽ മിഷനറിമാരിൽ നിന്നും ഈ യാഥാർത്ഥ്യം ഗ്രഹിച്ച കുക്ക് സായ്പ്പ് നടുങ്ങിപ്പോയി. ഇന്ത്യയിൽ തന്നെ മരിച്ച് അടക്കപ്പെടുക എന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു.

അദ്ദേഹം ഫ്രഞ്ചിനേയും കുടുംബത്തെയും കൊടൈക്കനാലിൽ താമസിപ്പിച്ചിട്ട് പോൾ എസ് കുക്കുമായി തിരുവിതാംകൂറിൽ തിരിച്ചെത്തി. ഇന്ത്യൻ മണ്ണിൽ തന്നെ മരിച്ച് അടക്കപ്പെടണം എന്ന് ആഗ്രഹിച്ചിരുന്ന വൃദ്ധ മിഷനറി ചില നിർണ്ണയങ്ങൾ കണക്കാക്കി. 1936 വരെ ഇന്ത്യയിൽ എങ്ങനെ

പ്രവർത്തിച്ചുവോ അങ്ങനെ തന്നെ തുടർന്നു പ്രവർത്തിക്കുക. അതിനായി അദ്ദേഹം ശ്രമിക്കുകയും ചെയ്തു. എന്നാൽ ഫീൽഡ് സെക്രട്ടറിയായിരുന്ന പാസ്റ്റർ റ്റി.എം. വർഗീസ് ആ നീക്കത്തെ ശക്തിയായും നയപരമായും എതിർത്തു. അദ്ദേഹം റവ. ഫ്രഞ്ചിനെ പിന്തുണച്ചു. എ.കെ വർഗീസ് കുക്ക് സായിപ്പിനേയും. ഫ്രഞ്ചിനെ ബംഗ്ലാവിൽ താമസിപ്പിക്കാതെ ഒരു വീട് വാടകയ്ക്ക് എടുത്ത് താമസിപ്പിച്ചു. ഈ സംഭവങ്ങൾ ഒറ്റ ദിവസം കൊണ്ടോ ആഴ്ച കൊണ്ടോ നടന്നവ അല്ല. സംഭവപരമ്പരകൾ പടിപടിയായി തന്നെ നടന്നു. അപ്പോഴേക്കും കുക്ക് സായിപ്പിന്റെയും ഫ്രഞ്ചിന്റെയും പിന്തുണക്കാർ തമ്മിൽ ഗ്രൂപ്പ് വഴക്ക് ആരംഭിച്ചിരുന്നു. കുക്ക് സായിപ്പിനെ ഭരണക്രമത്തിൽ നിന്നും അകറ്റുവാൻ ശക്തിയായ ശ്രമം നടന്നു. തൽഫലമായി ഒരു ആത്മീക പ്രസ്ഥാനത്തിനു യോജിക്കാത്ത നിലയിൽ ബലപരീക്ഷണങ്ങളും പ്രതിരോധങ്ങളും നടന്നു. ആത്മീകം സഭയ്ക്ക് അന്യമായി. അനേക നിഷ്പക്ഷമതികൾ സഭയിൽ നിന്നും പിരിഞ്ഞു പോയി. ദൈവീക ആലോചനയ്ക്കും പരിശുദ്ധാത്മ പ്രവർത്തനങ്ങൾക്കും സഭയിൽ ഇടം നഷ്ടപ്പെട്ടു. കുക്ക് സായിപ്പിന് ദേഹോപദ്രവം ഏൽക്കേണ്ടി വന്നു. അദ്ദേഹം പണി കഴിപ്പിച്ച ബംഗ്ലാവിൽ അദ്ദേഹം ഒരു തടവുകാരനായി മാറി. അദ്ദേഹത്തിനെതിരെ കേസുകൾ ഫയൽ ചെയ്യപ്പെട്ടു. അന്ധകാര പൂരിതവും പ്രവർത്തനരഹിതവുമായ നാളുകൾ.

ഒടുവിൽ അമേരിക്കയിൽ നിന്നും ജനറൽ ഓവർസിയർ ആയിരുന്ന റവ. ചെസ്സറും വേൾഡ് മിഷൻ പ്രതിനിധി റവ. പോൾ. എച്ച്. വാക്കറും ഇന്ത്യയിലെത്തി. കൂടിയാലോചനകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായി. വാസ്തവത്തിൽ കുക്ക് സായ്പോ, ഫ്രഞ്ചു സായ്പോ അല്ല മറിച്ച് അവരെ പിന്തുണച്ച സ്വദേശിയരായിരുന്നു പ്രശ്നം രൂക്ഷമാക്കിയത്.

കൂടിയാലോചനാ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് നമുക്കറിയില്ല. എന്നാൽ പിൽക്കാലത്തു നടന്ന പ്രധാന സംഭവങ്ങളിൽ നിന്നും കുക്ക് സായ്പ് ദൈവസഭാ തീരുമാനങ്ങൾക്ക് കീഴടങ്ങുകയായിരുന്നുവെന്ന് ഊഹിക്കാം. താൻ നട്ടു വളർത്തിക്കോണ്ടു വന്ന പ്രസ്ഥാനത്തെ പൂർണ്ണമായി ദൈവസഭയ്ക്കു വിട്ടുകൊടുക്കുകയും മേലാൽ യാതൊരുവിധമായ അവകാശങ്ങളുന്നയിക്കുന്നില്ല എന്നതിന്റെ അടയാളമായി സഭ ഇൻഡ്യാ ഗവണ്മെന്റു മുമ്പാകെ രജിസ്റ്റർ ചെയ്യുകയും റിട്ടയറാകുവാനും അമേരിക്കയിലെക്ക് മടങ്ങിപ്പോകുവാനും അദ്ദേഹം സമ്മതിച്ചതിൽ നിന്നും നമുക്ക് കാര്യങ്ങൾ വ്യക്തമായി ഊഹിച്ചെടുക്കാം.

## സഭാ രജിസ്ട്രേഷൻ

1914ൽ കുക്ക് സായിപ്പിന്റെ പ്രഥമ സഭാ സ്ഥാപനം നടന്നു എങ്കിലും 1949 വരെ അത് രജിസ്റ്റർ ചെയ്തിരുന്നില്ല. അതിന്റെ ആവശ്യകത ഉണ്ടായുമില്ല. എന്നാൽ പ്രശ്നങ്ങൾ ഉണ്ടായതിന്റെ വെളിച്ചത്തിൽ അത് അത്യാവശ്യമായി വന്നു. റവ. സി.ഈ. ഫ്രഞ്ചാണ് ഇക്കാര്യത്തിന് മുൻകൈ എടുത്തത്. അങ്ങനെ സഭ 1949-ൽ, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിലെ 21-ാം വകുപ്പനുസരിച്ച് 18-ാം നമ്പരായി കോയമ്പത്തൂരിൽ ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭ രജിസ്റ്റർ ചെയ്യപ്പെട്ടു. അതോടുകൂടി പാസ്റ്റർ കുക്കിന്റെ പേരിൽ ഉണ്ടായിരുന്ന 66 വസ്തുക്കളുടേയും പ്രമാണങ്ങൾ ഒരു രജിസ്റ്റേർഡ് കരാർ പ്രകാരം ദൈവസഭയെ ഏൽപ്പിക്കുകയുണ്ടായി. അങ്ങനെ ഇന്ത്യാഗവൺമെന്റിന്റെ മുമ്പാകെ ഈ സഭയ്ക്ക് അംഗീകാരം ഉണ്ടായി. ഒത്തുതീർപ്പ് വ്യവസ്ഥയിലൂടെ കേസ്സുകൾ പിൻവലിയ്ക്കപ്പെട്ടു.

## സംതൃപ്തമായ വിടവാങ്ങൽ

കർത്താവായ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ വിടുതലുകളുടേയും പരിപാലനത്തിന്റേയും മദ്ധ്യത്തിൽ പൂർണ്ണ സുവിശേഷ ദൈവസഭ ഇന്ത്യയിൽ സ്ഥാപിച്ച ശേഷം മഹത്വകരമായ ഒരു സൂര്യസ്തമയം പോലെ 1950 ൽ കുക്കും കുടുംബവും ഇന്ത്യയിൽ നിന്നും വിടവാങ്ങി. അപ്പോസ്തോലനായ പൗലോസിനെപ്പോലെ

നീതിയുടെ കിരീടം ഓട്ടം തികച്ചിരിക്കുന്ന തനിയ്ക്കായി വച്ചിരുന്ന ഉറപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യയിലെ വേലക്കാരും വിശ്വാസികളും ചേർന്ന് അനുഗ്രഹിക്കപ്പെട്ട യാത്രയയപ്പ് നല്കുകയും ആ മഹാത്മാവ് സ്വദേശത്തേക്ക് മടങ്ങിപ്പോകുകയും ചെയ്തു. മുപ്പത്തേഴുവർഷത്തെ തന്റെ ഇന്ത്യയിലെ ശുശ്രൂഷ കൈയ്പ്പ് നിറഞ്ഞതായിരുന്നു. എങ്കിലും ഈ അതുല്യ ക്രിസ്തീയ സേവനത്താൽ തനിക്കു ലഭിക്കുവാനായി പോകുന്ന സ്വർഗ്ഗീയ പ്രതിഫലം ഓർക്കുമ്പോൾ സർവ്വവും മറന്ന് ആഹ്ലാദിക്കുവാൻ പാസ്റ്റർ കുക്കിന് കഴിഞ്ഞു. 1955 ആയപ്പോഴേക്കും കൂടുതൽ ക്ഷീണിതനായി തീർന്നിരുന്നു. തനിക്ക് അവസാനം ഇന്ത്യയിലേക്ക് വന്ന് ഇവിടെ വച്ച് തന്റെ രാജാവിന്റെ അംഗീകാരത്തിലേക്ക് ഒരു പടയാളിയെന്നവണ്ണം കടക്കണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നു.

ദൈവസഭ എടുത്ത തീരുമാനം തനിയ്ക്ക് ഹിതകരമായില്ലയെന്ന് വിടവാങ്ങൽ യാത്രയിലുണ്ടായ സംഭവത്തിൽ നിന്നും ഗ്രഹിക്കാം. പാസ്റ്റർ കെ.ഇ. ഏബ്രഹാം അത് സ്മരിക്കുന്നു. '1950 ഒക്ടോബർ മാസത്തിലാണ് പാസ്റ്റർ കുക്ക് കുടുംബസമേതം അമേരിക്കയിലേക്ക് യാത്രയായത്. കൊച്ചിയിൽ നിന്നാണവർ കപ്പൽ കയറിയത്'. 'മുളക്കുഴ നിന്ന് ഞാനും (കെ.ഇ. ഏബ്രഹാം) കൊച്ചിവരെ പോയിരുന്നു.' പുറപ്പെടുന്ന സമയത്ത് പാസ്റ്റർ കുക്ക് 'എനിക്ക് ബ്രദർ ഏബ്രഹാമിന്റെ കാറിൽ വേണം യാത്രചെയ്യുവാൻ.' എന്ന് പറഞ്ഞ് അദ്ദേഹവും മിസ്സിസ്സ് കുക്കും ഞാനും ഒന്നിച്ച് പോയി. ബ്രദർ റ്റി.എം.വർഗ്ഗീസ്, സി.ഇ.ഫ്രഞ്ച് എന്നിവർ വേറെ കാറുകളിൽ യാത്ര ചെയ്തിരുന്നു. അന്ന് രാത്രി മലബാർ ഹോട്ടലിൽ താമസിച്ചതിന് ശേഷം പിറ്റേദിവസം, അദ്ദേഹത്തെ യാത്രയാക്കി.

1956 മെയ് 27 ന് പാസ്റ്റർ കെ.ഇ. ഏബ്രഹാം ദൈവസഭയുടെ മുഖ്യസ്ഥാനമായ ക്ലിവ്ലന്റിൽ താമസിച്ചിരുന്ന കുക്കു സായ്പിനെ സന്ദർശിച്ചു. ഇന്ത്യയിലേക്ക് മടങ്ങിവന്ന് ഇന്ത്യയിലെ തന്റെ പ്രജകളുടെ മദ്ധ്യത്തിൽ വന്ന് അന്ത്യദിവസങ്ങൾ കഴിക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും അനാരോഗ്യം അതിന് തടസ്സം ആയിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ചർച്ച് ഓഫ് ഗോഡ് സമൂഹം മാത്രമല്ല ഇന്ത്യയിലെ എല്ലാ പെന്തക്കോസ്തു സമൂഹങ്ങളും അദ്ദേഹത്തെ പിതാവിനെപ്പോലെ സ്നേഹിക്കുന്നുവെന്നും അദ്ദേഹത്തെ നാട്ടിൽ മടങ്ങിവന്ന് കാണുവാൻ അവർ ആഗ്രഹിക്കുന്നുവെന്നും പാസ്റ്റർ കെ.ഇ. ഏബ്രഹാം മറുപടി പറഞ്ഞു. (ക്രിസ്തുവിന്റെ എളിയ ദാസൻ, പേജ് 433)

അദ്ദേഹത്തിന്റെ അന്ത്യസമയങ്ങളിൽ നടന്ന ഒരു സംഭവത്തെകുറിച്ച് ദൈവസഭ മുൻ ഓവർസിയറും വേൾഡ് പെന്റക്കോസ്തൽ ചെയർമാനും ആയ റവ.റെയ് എച്ച് ഹ്യൂസ് ലീ കോളജിന്റെ ചാപ്പൽ സർവ്വീസിൽ അനുസ്മരിക്കുകയുണ്ടായി. അതിവിടെ ചേർക്കുന്നു.

## 'വിൽ യു സെൻഡ് മീ ബാക്ക് ടു ഇന്ത്യാ'

1957 അമേരിക്കയിലെ ടെന്നസ്സിയിലെ ക്ലീവ്ലൻഡിലുള്ള ദൈവസഭ ഹെഡ് ക്വാർട്ടേഴ്സ്. 78 വയസ്സ് പ്രായമുള്ള വൃദ്ധൻ റിട്ടയേർഡ് മിനിസ്റ്റേഴ്സിനുള്ള ക്വാർട്ടേഴ്സിൽ നിന്നും തന്റെ വാക്കിംഗ് സ്റ്റിക്കിന്റെ സഹായത്തോടെ വേൾഡ് മിഷൻസിന്റെ ആഫീസിലേക്ക് മന്ദം മന്ദം നടന്നു വരുന്നു. കാഴ്ചവളരെ മങ്ങിയിട്ടുണ്ടെന്ന് ആ നടപ്പുകണ്ടാൽ തന്നെ അറിയാം. പ്രഭാത സൂര്യന്റെ ചെങ്കിരണങ്ങൾ അദ്ദേഹം ധരിച്ചിരുന്ന കണ്ണാടിയുടെ ഗോൾഡൻ ഫ്രെയിമിൽ തട്ടി ശോഭിച്ചു. ഒപ്പം തന്റെ മുൻ കഷണ്ടിയും. പെട്ടെന്ന് അദ്ദേഹം ഫുട്പാത്തിൽ തപ്പിതടഞ്ഞ് താഴെവീണു.

' അയ്യോ വീണുപോയല്ലോ....' ലീ കോളേജിന് തൊട്ടു സംസാരിച്ചു കൊണ്ടുനിന്നിരുന്ന റെയ്. എച്ച് ഹ്യൂസ് വിളിച്ചുപറഞ്ഞുകൊണ്ട് ഓടി. പിന്നാലെ സെസിൽ.ബി.നൈറ്ററും. അപ്പോഴേക്കും വേൾഡ് മിഷൻസിന്റെ ഓഫീസിൽ നിന്നും ആ കാഴ്ച കണ്ട് ചെസ്സറും ഓടിയെത്തി. തനിയെ എഴുന്നേൽക്കുവാൻ

ബദ്ധപ്പെടുകയായിരുന്ന ആ മിഷനറി വര്യന് അവർ ചേർന്ന് താങ്ങി എഴുന്നേൽപ്പിച്ചു. താൻ ധരിച്ചിരുന്ന കണ്ണടയുടെ ചില്ല് പൊട്ടിത്തകർന്ന് അദ്ദേഹത്തിന്റെ പുരികങ്ങളിൽ ഒന്നിനെ മുറിച്ച് അകത്തേയ്ക്ക് കയറി മുറിപ്പാടിലൂടെ രക്തം ഒഴുകികൊണ്ടിരുന്നു. അവർ മൂവരും കൂടെ ആ പടയാളികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നപ്പോൾ 'വിൽ യു സെൻഡ് മീ ബാക്ക് ടു ഇന്ത്യാ' അദ്ദേഹം തന്റെ മുറിവിനെയും വേദനയേയും ഒഴുകുന്ന രക്തത്തേയും കാര്യമാക്കാതെ ചോദിച്ചു. അതേ അപ്പോഴും അദ്ദേഹത്തിന്റെ ഹൃദയം ഇന്ത്യായ്ക്കായി തുടിക്കുകയായിരുന്നു.

പെന്തക്കോസ്തിൽ സന്ദേശവുമായി ഇന്ത്യയിലെത്തി, ഇന്ത്യയിൽ പൂർണ്ണ സുവിശേഷ സത്യങ്ങൾക്കായി നിലനിന്ന മിഷനറി വര്യനായിരുന്ന പാസ്റ്റർ റോബർട്ട് എഫ്.കുക്കായിരുന്നു ആ വ്യക്തി. ദൈവീക നടത്തിപ്പിന് ദൈവം വൈവിധ്യമാർന്ന മാധ്യമങ്ങൾ ഉപയോഗിക്കുന്നത് നന്നായി വിവേചിച്ച് അവ എത്ര തന്നെ നിസാരമായിരുന്നാലും ആ പന്ഥാവിലൂടെ നടക്കുന്നതിൽ ഉത്സുകനായിരുന്ന ഒരു വിശ്വാസിയായിരുന്നു ' കുക്ക് സായ്പ്' എന്നതായിരുന്നു ആ മഹാമനുഷ്യന്റെ വിജയരഹസ്യം. അനേകം ദർശനങ്ങളാലും കാഴ്ചപാടുകളായും അദ്ദേഹത്തെ ദൈവം സുവിശേഷവയലിലേക്കു നടത്തി. ഒരുപക്ഷെങ്കിൽ ഇന്ത്യയിൽ അല്ലായിരുന്നു കുക്കു സായ്പ് പ്രവർത്തിച്ചിരുന്നതെങ്കിൽ ജോൺ നോക്സ്, വെസ്ലി, ആദിയായ സുപ്രസിദ്ധ പ്രസംഗകർക്ക് സമശീർഷകനായി അറിയപ്പെടുമായിരുന്നു. അത്രയും പ്രഭാപൂരിതമായിരുന്നു ആ ജീവിതം.

കാലുകൾ ചമ്രം പടഞ്ഞിട്ടിരിക്കുന്ന ബ്രൗൺ നിറത്തിലുള്ള ജനതതിയെ ദർശനം കണ്ട അദ്ദേഹത്തിന്റെ ഭാര്യ ഇങ്ങനെയുള്ളവരുടെ ഇടയിലേക്കാണ് തങ്ങളെ ദൈവം അയച്ചതെന്നു വിവേചിച്ചു. അതേപ്പറ്റി ചിന്തിച്ചു ധ്യാനിച്ചുകൊണ്ടിരിക്കവേ ഗിത്താർ ട്യൂൺ ചെയ്യുമ്പോൾ 'ബാംഗ്ലൂർ' എന്നപദം വ്യക്തമായി കേൾക്കുക. അതേ ദൈവം അവരെ മിഷനറി കുടുംബമായി പറിച്ചു നട്ട സ്ഥലം. ഇന്ത്യൻ ക്രൈസ്തവരുടെ ആത്മിക തലസ്ഥാനം ബാംഗ്ലൂരാണല്ലോ. അതേ ആ മഹാന്റെ പ്രവർത്തനങ്ങൾക്ക് ദൈവം നൽകിയ അംഗീകരണം 'ഓരോ ദിവസവും പരിശുദ്ധാത്മാവിന്റെ അനേകം പ്രവാഹങ്ങൾ ഒരു വിശ്വാസിയെയും കടന്നുപോകുന്നു. ' കർത്താവിൽ പ്രസിദ്ധനായിരുന്ന വാച്ച് മാൻ നീ-യുടെ വാക്കുകളാണിവ. അതും സത്യം പക്ഷേ നമ്മിൽ എത്രപേർ അത് അറിയുന്നു. മനസ്സിലാക്കുന്നു? എന്നാൽ കുക്കു സായ്പ് അതു ഗ്രഹിച്ചിരുന്നു.

## ജീവിതസായാഹ്നം

തന്റെ 79-ാമത്തെ വയസ്സിൽ 1958 ജനുവരി 21-ാം തീയതി റ്റെന്നിസ്സിലെ ക്ലീവ്ലാന്റിൽ വച്ച് തന്റെ ഇഹലോകവാസത്തിന് തിരശ്ശീല വീണ്ടുകൊണ്ട് താൻ പ്രീയം വച്ചിരുന്ന രാജസന്നിധിയിലേക്ക് കുക്ക് സായ്പ് ചേർക്കപ്പെട്ടു. ജനുവരി 15 തീയതി ചർച്ച് ഓഫ് ഗോഡിന്റെ എക്സിക്യൂട്ടീവ് മിഷൻ സെക്രട്ടറി റവ. പോൾ എച്ച് വാക്കറിന്റെ നേതൃത്വത്തിൽ ബ്രദ. റൂസ്വെൽറ്റ് മില്ലറിന്റെ മനോഹരമായ ഗാനാമ്പടിയോടെ ക്ലീവ്ലാന്റ് ചർച്ച് വാക്കിന്റെ നേതൃത്വത്തിൽ ബ്രദ. റൂസ്വെൽറ്റ് മില്ലറിന്റെ മനോഹരമായ ഗാനാകമ്പടിയോടെ ക്ലീവ് ലാന്റ് ചർച്ച് ഓഫ് ഗോഡിന്റെ ഹിൽ ക്രൈസ്റ്റ് സെമിത്തേരിയിൽ അദ്ദേഹത്തിന്റെ ഭൗതീകാവശിഷ്ടം സംസ്ക്കരിച്ചു.

1970- ജൂൺ 20 തീയതി പരേതനായ പാസ്റ്റർ കുക്കിന്റെ സഹധർമ്മിണി മിസ്സസ് ബർത്താ കുക്ക് കർത്താവിൽ നിദ്ര പ്രാപിച്ചു. തന്റെ ഭർത്താവിന്റെ ഭൗതീകാവശിഷ്ടം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തിനു സമീപേ തന്നെ ആ സാധ്വിയെയും അടക്കം ചെയ്തു.

ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കായി തന്റെ ശരീരവും ധനവും ചെലവഴിച്ച കുക്ക് സായ്പ് തന്റെ അന്ത്യനാളുകൾ ദരിദ്രനെപ്പോലെ കഴിച്ചുകൂട്ടി ദൈവസഭ നല്കിയ റിട്ടയർഡ് മിനിസ്റ്റേഴ്സ് ഹോമിൽ താമസിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന് സ്വന്തമായി ഒന്നുമില്ലായിരുന്നു. ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ വിളിക്കപ്പെട്ട കുക്ക് അവരോട് താദാത്മ്യം പ്രാപിച്ചു. മരണം വരെ അങ്ങനെ തന്നെ ജീവിക്കുകയും ചെയ്തു. തന്റെ ദർശനത്തിലും വിളിയിലും അന്ത്യംവരെ നിന്നു ആ മിഷനറി വീരൻ!

# അദ്ധ്യായം 5
# മിഷനറിമാർ

ആയിരത്തിതൊള്ളായിരത്തി മുപ്പത്തിയാറിൽ ദൈവസഭയുമായി ലയിച്ചതോടു കൂടെ അമേരിക്കയിൽ നിന്നും കാലാ കാലങ്ങളായി മിഷനറിമാർ ഇന്ത്യയിലേക്ക് വന്നിട്ടുണ്ട്. വിദേശമിഷനറിമാർക്ക് എന്നും പറ്റിയ മിഷൻ ഫീൽഡായിരുന്നു ഇന്ത്യ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലും ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലും പാശ്ചാത്യ രാജ്യങ്ങളിലെ ജനങ്ങൾക്ക് മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള അഭിവാഞ്ച വളരെ ആയിരുന്നു എന്ന് ചരിത്രം പഠിക്കുന്നവർക്കും അറിവുള്ളതാണല്ലോ. അങ്ങനെ ഇന്ത്യയിലേ ക്കും ധാരാളം മിഷനറിമാർ വന്നു. ഇന്ത്യയിലെ ദൈവസഭയെ ചിട്ടയാർന്ന നിലയിൽ കെട്ടിപ്പണിതെടുക്കുന്നതിന് മിഷനറിമാർ വന്നു. ഇന്ത്യയിലെ ദൈവസഭയെ ചിട്ടയാർന്ന നിലയിൽ കെട്ടിപ്പണിതെടുക്കുന്നതിന് മിഷനറിനാർ വഹിച്ച പങ്ക് നിർണ്ണായകമായിരുന്നു.

## 1. ഹോയ്ൽ കെയ്സ് (1938- 1942)

തന്റെ ബദ്ധപ്പാട് നിറഞ്ഞ വേലയിൽ കൂട്ടു പ്രവർത്തകനായി ഒരു മിഷനറിയെ കൂടെ അയച്ചു തരണമെന്ന് കുക്ക് സായ്പ് മിഷൻ ബോർഡിനോട് അഭ്യർത്ഥിച്ചു. 1938 ൽ ഹോയ്ൽ & മിൽഡറഡ് കെയ്സ് ഇന്ത്യയിലെത്തി. സൗത്ത് കരോളിനയിലെ ഗ്രീൻ വില്ലെ സ്വദേശികളായിരുന്ന ഈ കുടുംബം വടക്കൽ കേരളത്തിൽ ( പിറവം ഭാഗം) പ്രവർത്തിച്ചു. തൽഫലമായി നാല് പുതിയ സഭകൾ അവിടെ ഉടലെടുത്തു. കൂടാതെ ഒരു ഹാൾ പണിയുന്നതിന് സാധിച്ചു.

1942 ൽ ഹോയ്ൽ കേയ്സും കുടുംബവും രണ്ടാം ലോക മഹായുദ്ധം കാരണം അമേരിക്കയിലേക്ക് തിരിച്ചു പോയി. 1942 ൽ നടന്ന ജനറൽ അസംബ്ലീ കേയ്സ് കുടുംബത്തെ ക്യൂബയിലെ മിഷനറിയായി നിയമിച്ചു. 1943 ജനുവരിയിൽ അവർ സകുടുംബം റിപ്പബ്ളിക്ക് ഓഫ് ക്യൂബയിലെത്തി. സാൻഡിയാഗോ ഡി. ക്യൂ എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് പ്രവർത്തിച്ചു. ഇൻഗ്രാമും കെയ്സും ഒന്നിച്ച് ക്യൂബയിൽ ഒരു മാസം (1943 ജനുവരി) താമസിച്ചു പ്രവർത്തിച്ചതായി ചരിത്രം പറയുന്നു.

കെയ്സ് കുടുംബം ഇന്ത്യാ ദൈവസഭക്ക് നൽകിയ സേവനങ്ങൾ വിലമതിക്കാത്തതാണ്.

## 11. ബ്ലോസം ആൻഡ് എഡ്വവേഡ് ക്രിക് (1943- 1948)

ഹോയ്ൽ കേയ്സ് അമേരിക്കയിലേക്ക് തിരിച്ചു പോയ കുക്കു സായ്പ് ദേശീയ ശുശ്രൂഷകരും തനിയെ ആയിരുന്നു. ഈ കുറവ് നികത്തിയത് ക്രിക് ദമ്പതികളാണ്. ഇന്ത്യ ദൈവ സഭാ ചരിത്രത്തിൽ ഒരു രേഖയിലും ഇതു വരെയും സ്ഥാനം പിടിച്ചിട്ടില്ലാത്ത ഒരു മിഷനറി കുടുംബമാണിത്. കാരണം ബ്ലോസ് കുക്ക് സായ്പിന്റെ മകൾ ആയിരുന്നു എന്നതായിയ്ക്കാം. 1943 ൽ അവർ എഡ്വവേഡ് ക്രിക് എന്നൊരു റോയർ എയർഫോഴ്സ് ഉദ്യോഗസ്ഥനെ വിവാഹം ചെയ്തു. തുടർന്ന് ഈ കുടുംബം 1948 വരെ കേരളത്തിൽ സുവിശേഷ വേലയിലായിരുന്നു. കുക്കു സായ്പിന്റെ ആത്മകഥാ ഗ്രന്ഥത്തിന്റ 168, 169 പേജുകൾക്കിടയിൽ കല്ലിശ്ശേരി സഭയുടെ ഫോട്ടോയിൽ ഈ കുടുംബത്തെ കാണാം. അവർ ദൈവസഭയുടെ നിയമിക്കപ്പെട്ട മിഷനറിമാരായിരുന്നു.

## 111. സി. ഇ. ഫ്രഞ്ചും എല്ലനും(1947- 1952)

മിസൗറിയിലെ ക്യാന്റ് സ്വദേശികളായിരുന്ന സി. ഇ. ഫ്രഞ്ച് 1944 ലെ ജനറൽ അസംബ്ലിയിൽ

വച്ച് അദ്ദേഹം പ്യൂട്ടോരിക്കോയുടെ പ്രഥമ ഓവർസിയറായി നിയമിതനായി. 1944 ഒക്ടോബർ നാലാം തീയതി അദ്ദേഹം ഭാര്യ എല്ലനും നാലു കുഞ്ഞുങ്ങളുമായി ദ്വീപ സമൂഹത്തിലെത്തി. അദ്ദേഹത്തിന്റെ ശുശ്രൂഷ ഫലമായി ധാരാളം പേർ രക്ഷിക്കപ്പെടുകയും സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ പരിഭാഷകനായിരുന്ന അന്റോണിയോയും സഭകളും ദൈവസഭയോട് ചേർന്നു.

മിഷൻ ബോർഡിന്റെ തീരുമാനപ്രകാരം 1946 ജനുവരി ഒന്നിന് ഫ്രെഞ്ചും കുടുംബവും ഡൊമനിയ്ക്കയിലേക്ക് മാറി താമസിച്ചു. അദ്ദേഹം പ്യൂട്ടോറിക്കോയുടെയും ഡൊമിനിക്കയുടെയും ഓവർസിയറായി ഈ കാലയളവിൽ സേവനമനുഷ്ഠിച്ചു. അവിടെ താമസിച്ച അഞ്ചു മാസം കൊണ്ട് ഫ്രെഞ്ച് അവിടെയുള്ള പ്രവർത്തനത്തെ ദൈവസഭയുടെ ഭരണക്രമപ്രകാരം രൂപീകരിച്ചെടുത്തു. സമീപ ദ്വീപായ വീക്വസിലും സഭ സ്ഥാപിക്കപ്പെട്ടു. 1946 ൽ ഫ്രെഞ്ച് കരീബിയൻ ഭാഗം വിട്ടു. 1946- ലെ ജനറൽ അസംബ്ലി ഫ്രെഞ്ചിന്റെ ഇന്ത്യയിലേക്ക് നിയമിച്ചു എങ്കിലും 1947 മാർച്ചിൽ ആണ് അവർ ഇന്ത്യയിലെത്തിയത്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ കൂടെ മറ്റൊരു കുടുംബവും ഉണ്ടായിരുന്നു. പോൾ എസ്സ് കുക്കും, എമിലി കുക്കും. 1939 ൽ അമേരിക്കയിൽ വിദ്യാഭ്യാസത്തിനു വേണ്ടി പോയി വിവാഹിതനായി തന്റെ ജന്മനാട്ടിലേക്കും സ്വഭവനത്തിലേക്കുമായിരുന്നു പോൾ കുക്ക് വന്നത്. അദ്ദേഹം തമിഴ്നാട് സ്റ്റേറ്റിന്റെ ദൈവലസഭയുടെ ചുമതലയിൽ നിയമിക്കപ്പെട്ടിരുന്നു. ഫ്രെഞ്ച് ഇൻഡ്യാ ദൈവസഭയുടെ സെക്രട്ടറി- ട്രഷറർ ആയിരുന്നു.

സി. ഇ. ഫ്രെഞ്ചിന്റെ നിയമനത്തിൽ മിഷൻ ബോർഡിന് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. ഡൊമിനിക്കയിൽ ചെയ്തതു പോലെ ദൈവസഭയുടെ ഭരണക്രമത്തിലേക്ക് ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭയെ നയിച്ചു കൊണ്ടു വരിക. അതിൽ അദ്ദേഹം തന്ത്രപരമായി വിജയിച്ചു.

ഫ്രെഞ്ച് അദ്ധ്യക്ഷനായി ഒരു ഭരണ സമിതി നിലവിൽ വന്നു. കുമ്പനാട്ട് ബഥേൽ ഗ്രൗണ്ടിൽ ആരാധനാലയംനിലവിൽ വരുന്നതും ബൈബിൾ കോളേജിന് മുളക്കുഴയിൽ 1951 ലും 1952 ലും ഡോർമിറ്ററികൾ പണിയുന്നതിനും അദ്ദേഹത്തിന്റെ കാലത്ത് സാധിച്ചു. അദ്ദേഹം ദൈവസഭയുടെ ഭരണക്രമപ്രകാരം തന്നെ ഇൻഡ്യയിലെ പ്രവർത്തനത്തെ പുനർ ഏകീകരിച്ചു എന്നുള്ളത് സത്യമാണ്. നാലര വർഷം മാത്രമെ അവർ കുടുംബമായി ഇൻഡ്യയിലുണ്ടായിരുന്നുള്ളൂ. 1952 ൽ ഫ്രെഞ്ചു കുടുംബവും തിരിച്ചു പോയി.

1954 ൽ അദ്ദേഹത്തെ പെറുവിലെ ഓവർസിയറായി നിയമിച്ചു. അഞ്ചു മക്കളും ഭാര്യയും ഏപ്രിൽ 1 ന് അവിടെ എത്തി. അദ്ദേഹം 2 വർഷം അവിടെ പ്രവർത്തിച്ചു. അനന്തരം അമേരിക്കയിലേക്ക് തിരിച്ചു പോയി. ഇന്ത്യയിലെ അവരുടെ താമസവും ശുശ്രൂഷയും ക്ലേശകരവും ബുദ്ധിമുട്ടു നിറഞ്ഞതും ആയിരുനഅനു.

## IV. മിസ്സ് ഡോറാ പി. മയേഴ്സ് എം. എ(1950- 1965)

പിതാവ് ഡോക്ടറും മാതാവ് എറ്റം ദൈവഭക്തിയുള്ള സ്ത്രീയുമായിരുന്നു. പരിശുദ്ധാത്മഭിഷേകം പ്രാപിച്ചപ്പോൾ ഉണ്ടായ ഒരു വെളിപാടനുസരിച്ച് ഇൻഡ്യയിൽ സുവിശേഷം അറിയിക്കുവാൽ തീരുമാനിച്ചു. ലീ കോളേജിലെ അദ്ധ്യാപിക ആയിരുന്നപ്പോൾ ഇൻഡ്യയിലേക്ക് മിഷനറിയായി പോകുവാനുള്ള തന്റെ താൽപര്യം മിഷൻസ് ബോർഡിനെ അറിയിച്ചു. എങ്കിലും വേണ്ട ആനുകൂല്യം ലഭിച്ചില്ല. തന്മൂലം സ്വന്തമായി പണം ഉണ്ടാക്കി കൊണ്ട് സ്വരാജ്യത്തെയും ചാർച്ചക്കാരെയും വിട്ട് ഉഷ്ണ രാജ്യമായ ഭാരതത്തിലേക്ക് തിരിച്ചു. 1950 ഒക്ടോബർ പന്ത്രണ്ടാം തീയതി ഇൻഡ്യയിലെത്തി.

ദൈവസഭ വലിയ ഒരു പ്രതിസന്ധിയെ തരണം ചെയ്ത് ക്ഷീണിച്ചിരുന്ന വേളയിലാണ് തന്റെ

ആഗമനം. തന്റെ വരവ് വേലയ്ക്ക് ഒരു ആശ്വാസവും പ്രയോജനവുമായി ഭവിച്ചു. കേരളത്തിലും തമിഴ്നാട്ടിലും ബൈബിൾ സ്കൂളുകൾ സ്ഥാപിക്കുവാൻ ഇടയായതിൽ മിസ്സ് മയേഴ്സിന്റെ സേവനം സ്തുത്യർഹമാണ്. മുളക്കുഴയുള്ള മെമ്മോറിയൽ ഹാളിന്റെ നിർമ്മാണത്തിനു വേണ്ടി വന്ന തുകയിൽ നല്ല ഒരു പങ്ക്, കഷ്ടിച്ചു തന്റെ ചെലവിനു ലഭിച്ചിട്ടുള്ളതിൽ നിന്നും വേർതിരിച്ചിട്ടുള്ളതാണെന്ന യാഥാർത്ഥ്യം ഏവർക്കും ഒരു മാതൃക തന്നെയാണ്. അത്രമാത്രം ത്യാഗബുദ്ധിയോടെ വേലയെ സ്നേഹിച്ചിരുന്നു. മധുരയിലും (കൊടൈക്കനാൽ റോഡ്) ബൈബിൾ സ്കുളിന് ഒരു സ്ഥാപനം ഉണ്ടാക്കി കൊടുത്തു. ചില സഭാ മന്ദിരങ്ങളുടെ നിർമ്മാണത്തിനും സഹായം ചെയ്തിട്ടുണ്ട്. ഇപ്രകാരം നാനാ പ്രകാരേണ തന്റെ സേവന സന്നദ്ധത അനുകരണീയവും അഭികാമ്യവുമാണെന്നുള്ളതിന് സന്ദേഹമില്ല.

കേരളത്തിലും തമിഴ്നാട്ടിലുമായി 15 വർഷക്കാലം സ്തുത്യർഹമാം വിധം സേവനം അനുഷ്ഠിച്ചു. അനിതര സാധരണമായ തന്റെ വിനയ സ്വഭാവം തന്റെ വ്യക്തിത്വത്തിന് മാറ്റു കൂട്ടിയിട്ടുണ്ട്. അമേരിക്കയിൽ മടങ്ങിപ്പോയി. ദൈവസഭയുടെ ലീ കോളേജിൽ സേവനം ചെയതു. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.

## V. റവ. വില്യം പോസ്പസിലും കുടുംബവും ( 1952-1972)

മാതാപിതാക്കൾ റോമൻ കത്തോലിക്ക വിശ്വാസത്തിൽ പെട്ടവരായിരുന്നു. വേദപുസ്തക സംബന്ധമയോ സഭാപരമായോ യാതൊരു പരിചയവും പരിശീലനവും ലഭിക്കാത്ത സാഹചര്യത്തിലാണ് വളർന്നു വന്നത്. എന്നാൽ മാതാവ് പ്രാർത്ഥനാശീലമുള്ള വ്യക്തിയായിരുന്നു. കർത്താവിന്റെ പ്രത്യേക ദർശനത്തിൽ രക്ഷിക്കപ്പെടുകയും വേലയ്ക്കായി വിളിയ്ക്കപ്പെടുകയും ചെയ്തു.

മൊണ്ടാനയിലെ ഓവർസിയറായി സേവനമനുഷ്ഠിക്കുമ്പോൾ ഇന്ത്യയിലേക്ക് നിയമിതനായി. 1952 ഏപ്രിൽ 12 ന് ഫ്രഞ്ചിന്റെ പിൻഗാമിയായി ഇന്ത്യയിൽ വന്നു. 20 വർഷക്കാലം അഭികാമ്യമാംവിധം ഇന്ത്യയിൽ പ്രവർത്തിച്ചു. ഭരണപരമായി സഭയ്ക്ക് വരുത്തേണ്ട പരിഷ്കാരങ്ങളും ക്രമീകരണങ്ങളും തന്റെ ഭരണകാലത്ത് സാധിച്ചതാണ്. ധാരാളം സഭ മന്ദിരങ്ങൾ പണി കഴിപ്പിക്കുകയും പുതിയ ഇടങ്ങളിലേക്ക് വേല വ്യാപിപ്പിക്കുകയും ചെയ്തു. ഇന്ത്യയിലെ വേലയെ സ്റ്റേറ്റുകളായി വിഭജിച്ചത് തന്റെ പ്ലാനും പദ്ധതിയുമായിരുന്നു. ആയത് സഭയുടെ വളർച്ചയ്ക്ക് വളരെ സഹായമായി ഭവിച്ചു. പ്രാപ്തന്മാരായ പ്രവർത്തകരെ സഭയിൽ നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. വാർദ്ധക്യം നിമിത്തം 1972 ജൂലൈ മാസത്തിൽ അമേരിക്കയിലേക്ക് മടങ്ങിപ്പോയി. 1988 ഒക്ടോബർ 26 ന് വിശ്രമത്തിലേക്ക് ചേർക്കപ്പെട്ടു.

## VI റവ. എച്ച്.എൽ ടേർണറും കുടുംബവും (1954)

ഇന്ത്യയിൽ പൊന്തക്കോസ്തു സഭയുടെ (ക.ജ.ഇ) മിഷിനറിയായിട്ടാണ് ഇന്ത്യയിൽ വന്നത്. ഫർലോയിൽ അമേരിയ്ക്കയിലേക്ക് പോയ ശേഷം 1954 ൽ ദൈവസഭയുമായി ചേർന്നു. 1954 ൽ ഇന്ത്യയിലേക്ക് മടങ്ങിവന്നത് ദൈവസഭയുടെ മിഷിനറിയായിട്ടാണ്. ദൈവസഭയുടെ മിഷിനറിയായി പ്രവർത്തിച്ചു. ആദ്യ സമയങ്ങളിൽ കേരളത്തിൽ പ്രധാനമായി പ്രവർത്തിച്ചു. പിന്നീട് ആന്ധ്രയിലും താൻ ആന്ധ്രയിലെ വേലയുടെ ചുമതല ഏറ്റെടുക്കുമ്പോൾ 34 സഭകൾ ആണ് ഉണ്ടായിരുന്നത്. 1973 ൽ 83 സഭകൾ ആന്ധ്രയിലുണ്ട്. സാമ്പത്തികമായും വളരെ പുരോഗമിച്ചിട്ടുണ്ട്.

1988 ഒക്ടോബർ 21 ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു.

## VII. റവ. ഡാരൽ എൽ. ലിൻഡ്സെയും കുടുംബവും (1967-1969)

1967. ൽ മിഷനറിയായി കേരളത്തിൽ വന്നു. 1968. ൽ കേരളത്തിന്റെ ഓവർസിയറായി ചുമതല ഏറ്റെടുത്തു. 1969. മാർച്ച് വരെ പ്രവർത്തിച്ചു. മിസ്സിസ്സ് ലിൻഡ്സേയുടെ അനാരോഗ്യം നിമിത്തം മടങ്ങിപ്പോകേണ്ടിവന്നു. വളരെ ചുരുങ്ങിയ ഒരു കാലയളവു മാത്രമേ കേരളത്തിൽ പ്രവർത്തിച്ചുള്ളു. തന്റെ പരിശ്രമഫലമായി 35ൽ പരം കട്ടിടങ്ങൾ പണികഴിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## VIII. റവ.റോബർട്ട് ജെ. റീസറും കുടുംബവും (1985- 1970)

1965ൽ മിഷനറിയായി വന്നു ചേർന്നു. ആദ്യത്തെ വർഷം കേരളത്തിൽ പ്രവർത്തിച്ചു. പിന്നീട് തമിഴ്നാട്ടിലും. അഡ്മിനിസ്ട്രേഷനു വേണ്ടിയും ബൈബിൾ സ്കൂളിനു വേണ്ടിയും മനോഹരമായ രു കെട്ടിടം കോയമ്പത്തൂരിൽ പണി കഴിപ്പിച്ചത് തമിഴ്നാട്ടിലെ വേലയ്ക്ക് താൻ ചെയ്തു കൊടുത്ത മഹത്തായ ഒരു സേവനമാണ്. തമിഴ്നാട്ടിലെ വേല ഇന്നത്തെ നിലയിൽ എല്ലാ വിധത്തിലും വളർച്ച പ്രാപിക്കാൻ ഇടയായത് തന്റെ അത്യുത്സാഹത്തിലാണ്. 1970 ൽ ഫർലോയിൽ അമേരിക്കയിലേക്ക് പോയി.

## പബ്ലിഷിംഗ് ഹൗസ് 1956

സഭാനാവായ സുവിശേഷ ധ്വനിയും മറ്റു പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിന് ഒരു അച്ചുകൂടത്തിന്റെ ആവശ്യം വളരെയായിരുന്നു. ദൈവകൃപയാൽ 1956 ജൂലൈ മാസത്തിൽ ഇ.എ.ക പ്രസ്സ് എന്ന പേരിൽ റവ. വില്യം പോസ്പിൽ അവറുകളുടെ കാലത്ത് അത് സ്ഥാപിതമായി. ടേർണർ കുടുംബത്തിന്റെ മാതൃ സഭയായ അറ്റലാന്റാ ജോർജ്ജിയായിലെ റിവർ സൈഡ് സഭയാണ് ഇതിനുള്ള ധനസഹായം ചെയ്തത്. ടേണറുടെ ഉത്സാഹഫലമായിട്ടാണ് ഇത് ലഭിച്ചതെന്ന് ചരിത്രം പറയുന്നു.

# C. ഇൻഡ്യാ ദൈവസഭാ: കേരളാ സ്റ്റേറ്റ്

**(1974 മുതൽ 2001 വരെ)**

# ദൈവസഭയുടെ വിശ്വാസപ്രമാണം

1. വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും
2. പിതാവ് പുത്രൻ പരിശുദ്ധാത്മാവു എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും
3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽ നിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു എന്നതിലും സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും
4. നമുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു എന്നും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും
5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും
6. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസം മൂലവും ദൈവവചനം മൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും
7. വിശുദ്ധി എന്നത് ദൈവവചനത്തിന് വേണ്ടിയുള്ള ദൈവത്തിന്റെ ജീവിതപ്രമാണമാകുന്നു എന്നുള്ളതിലും
8. ഹൃദയനിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും
9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നല്കുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭലക്ഷണമാണെന്നുള്ളതിലും
10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും, മാനസാന്തരപ്പെടുന്ന എല്ലാവരിലും പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും
11. യേശുക്രിസ്തുവിന്റെ പാപപരിഹാര ബലിയിൽ എല്ലാ മനുഷ്യർക്കും ദൈവീക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും
12. കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും
13. മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിച്ചും ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനും വേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും
14. ശരീരത്തിന്റെ ഉയർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും.

**ഞങ്ങൾ വിശ്വസിക്കുന്നു.**

## അദ്ധ്യായം 6

# അധികാര വികേന്ദ്രീകരണം സ്റ്റേറ്റ് വിഭജനം

1927 മുതൽ 1962 വരെ ഇൻഡ്യയിലാകമാനമുള്ള വേല നടത്തുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരുന്നത് മുളക്കുഴ സീയോൻ കുന്നിൽ നിന്നുമായിരുന്നു. പക്ഷേ കേരളത്തിനു പുറത്തുള്ള വേലയുടെ പുരോഗതി സാവകാശത്തിൽ മാത്രമായിരുന്നു. അതാത് രാജ്യങ്ങളിലുള്ള വേല അതാത് സ്ഥാനങ്ങളിൽ നിന്നും നടത്തുന്നത് വേലയുടെ ശ്രീഘ്ര പുരോഗതി കൈവരുവാൻ സഹായകരമാകുമെന്നുള്ള വീക്ഷണത്തിൽ 1962 ൽ സ്റ്റേറ്റുകളായി വിഭജിക്കുന്നതിന് സഹായകരമാകുമെന്നുള്ള വീക്ഷണത്തിൽ 1962 ൽ സ്റ്റേറ്റുകളായി വിഭജിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

അതനുസരിച്ച് കേരളം, മദ്രാസ് (തമിഴ് നാട്), ആന്ധ്ര എന്നീ മൂന്നു സ്റ്റേറ്റുകളായി ദൈവസഭ വിഭജിക്കപ്പെട്ടു. വീണ്ടും 1966 ൽ ഉത്തരേന്ത്യൻ ഭാഗങ്ങൾ ആന്ധ്ര സ്റ്റേറ്റിൽ നിന്നും വേർപെടുത്തുകയും കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് (തെലുങ്ക് നാട്), ഉത്തരേന്ത്യൻ പ്രദേശങ്ങൾ എന്ന് നാല് ഡിവിഷനുകളാക്കി തീർക്കുകയും ചെയ്തു. ഓരോന്നിനും അതാതിന്റെ സ്റ്റേറ്റ് ഓഫീസുകൾ പ്രത്യേകമായുണ്ട്.

## പുതിയ ഫീൽഡ് സെക്രട്ടറി

1965 ൽ പാസ്റ്റർ റ്റി.എം.വർഗീസ് ഫീൽഡ് സെക്രട്ടറി സ്ഥാനത്തു നിന്നും വിരമിച്ചു. കുക്ക് സായ്പിന്റെ ഓഫീസ് സെക്രട്ടറി, സണ്ടേസ്കൂൾ സെക്രട്ടറി എന്നീ നിലകളിലും 1936 മുതൽ ദൈവസഭാ കൗൺസിൽ സെക്രട്ടറിയായും കൂടാതെ ബൈബിൾ സ്കൂൾ അദ്ധ്യാപകനായും അദ്ദേഹം നിസ്തുല സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പാസ്റ്റർ റ്റി.എം. വർഗീസ് വിരമിച്ചനന്തരം 1966 ൽ കുമ്പനാട്ട് ബെഥേൽ ഗ്രൗണ്ടിൽ വച്ച് നടന്ന ജനറൽ കൺവൻഷനോടനുബന്ധിച്ച് നടന്ന വർക്കേഴ്സ് കോൺഫറൻസിൽ വച്ച് പാസ്റ്റർ പി.എ.വി.സാമിനെ ദൈവസഭയുടെ അടുത്ത ഫീൽഡ് സെക്രട്ടറിയായി തെരഞ്ഞെടുത്തു. അപ്പോൾ അദ്ദേഹം സീബാകമ്പനിയുടെ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മഞ്ഞപ്പിത്ത ബാധിതനായി കിടക്കയിലായതു മുതൽ അദ്ദേഹം സീയോൻ കുന്നിൽ 1985 മുതൽ, ബൈബിൾ സ്കൂൾ അദ്ധ്യാപകനായും മാസികയുടെ എഡിറ്ററായും പ്രവർത്തിച്ചു വരികയായിരുന്നു.

അന്ന് ഇൻഡ്യാ ദൈവസഭ റീജിയനുകളായി തിരിയ്ക്കപ്പെട്ടിരുന്നു എങ്കിലും സ്റ്റേറ്റ് ഓവർസിയർമാർക്കും സ്റ്റേറ്റുകൾക്കും പൂർണ്ണമായ സ്വയംഭരണാവകാശം ഇല്ലായിരുന്നു. അഖിലേന്ത്യാ തലസ്ഥാനം സീയോൻ കുന്ന് തന്നെയായിരുന്നു. അഖിലേന്ത്യാ പ്രസിഡന്റ് സ്ഥാനം മിഷനറിമാർക്കും സ്റ്റേറ്റുകൾക്ക് മിഷനറി ഓവർസിയർക്കും (സംസ്ഥാന പ്രസിഡന്റ്), സ്റ്റേറ്റ് റെപ്രസന്റീവ്മാരും എന്നീ നിലയിലായിരുന്നു ഭരണ നിർവ്വഹണം നടത്തപ്പെട്ടിരുന്നത്.

## ഫീൽഡു റെപ്രസെന്റേറ്റീവ്

1968 ൽ ഫീൽഡ് സെക്രട്ടറി എന്ന തസ്തിക ഫീൽഡ് റെപ്രസെന്റേറ്റീവ് എന്നാക്കി മാറ്റി. സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് എന്ന തസ്തികാനാമവുമായി ഏകീകരിക്കുന്നതിനു വേണ്ടിയായിരുന്നു ഈ പേരുമാറ്റം.

1911 ൽ അധികാരവികേന്ദ്രീകരണം പൂർത്തിയായി. റവ. റോബർട്ട് ജെ.റീസറും പാസ്റ്റർ പി.എ.വി

സാമും ചേർന്ന് ആവിഷ്ക്കരിച്ച നയമായിരുന്നു അധികാരവികേന്ദ്രീകരണം സഭകളും വളർച്ചയെ കരുതി സ്വയം ഭരണാവകാശം അതാത് സ്റ്റേറ്റുകൾക്ക് പൂർണ്ണമായി നൽകുക എന്നതായിരുന്നു ഈ നയം കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ദീർഘവീക്ഷണപൂർവം ആസൂത്രിതമായി ചെയ്യെടുത്ത ഈ പരിഷ്കാരം ദൈവത്താൽ ഭവിച്ചു എന്നു വരുമാറ് ദൈവസഭയുടെ പില്ക്കാല ചിത്രത്തെ വളരെ സ്വാധീനിച്ചു. ഇങ്ങനെ സ്റ്റേറ്റ് റെപ്രസെന്റേറ്റീവുകൾക്ക് സ്വയം ഭരണാധികാരം ലഭ്യമായി.

ഐക്യ സോവിയറ്റ് റിപ്പബ്ലിക്കുകളുടെ പ്രസിഡണ്ടായിരുന്നു മിഖായിൽ ഗോർബച്ചോവ്. അദ്ദേഹം ആവിഷ്രിച്ച നയങ്ങൾ സോവിയറ്റി യൂണിയനിലെ റിപ്പബ്ലിക്കുകൾക്ക് സ്വയംഭരണാവകാശം നൽകി. തത്വത്തിൽ കേന്ദ്രീകൃത ഭരണ വ്യവസ്ഥ ഇല്ലാതെ വന്നു. തന്റെ സ്ഥാനം ഇല്ലാതെയാകും എന്നു മനസ്സിലാക്കി തന്നെയാണ് അദ്ദേഹം അത് ചെയ്യത്. സ്വന്തം സ്ഥാനത്തേക്കാൾ അധികം അദ്ദേഹം തന്റെ മേൽ ഉണ്ടായിരുന്ന നിയോഗത്തിനു പ്രാധാന്യം കൽപ്പിച്ചു. അങ്ങനെയെങ്കിൽ ഒരു ആത്മീകൻ എത്രയധികം? 1971ൽ താൻ സ്ഥാനത്യാഗം ചെയ്യു ഭരണം അതാത് സ്റ്റേറ്റുകൾക്കായി നല്കുമ്പോൾ ഒരിക്കലും പദവിയെ പാസ്റ്റർ പി.എ.വി.സാം ആദരികുകയോ താലോലിക്കുകയോ ചെയ്തില്ല. അഥവാ അങ്ങനെ ആഗ്രഹിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന് തന്റെ വ്യക്തിപ്രഭാവം ഉപയോഗിച്ച് മറ്റേതെങ്കിലും പദവി ചോദിച്ചു വാങ്ങാമായിരുന്നു. എന്നാൽ അദ്ദേഹം അതിനും മുതിർന്നില്ല. ഫലത്തിൽ തന്റെ മേൽ ഉള്ള ദൈവീക നിയോഗത്തിനു അദ്ദേഹം സ്ഥാനമാനങ്ങളെ അടിയറ വെയ്ക്കുമായിരുന്നു.

# ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റ്

## പാസ്റ്റർ യു.തോമസ്

1962-ൽ ഇന്ത്യാ ദൈവസഭയെ സ്റ്റേറ്റുകളായി വിഭജിച്ചു. എന്നാൽ 1964 ലാണ് കേരളാ സ്റ്റേറ്റിനു ഒരു റെപ്രസെന്റേറ്റീവ് ഉണ്ടാകുന്നത്. പാസ്റ്റർ യു.തോമസ് ആയിരുന്നു. ഈ പദവി അലങ്കരിച്ച പ്രഥമ വ്യക്തി. അദ്ദേഹം തന്റെ തലമുറയിൽ അറിയപ്പെട്ടിരുന്ന ഒരു പ്രസംഗകൻ ആയിരുന്നു. ബൈബിൾ സ്കൂൾ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദൈവസഭയിലെ ഒരു സീനിയർ പാസ്റ്ററായിരുന്ന അദ്ദേഹം തത്വങ്ങൾക്കു വേണ്ടി നിന്നിരുന്ന ഒരു വ്യക്തിയായിരുന്നു.

## പാസ്റ്റർ പി.സി.ചാക്കോ

1966 മുതൽ 1970 മുതൽ വരെ ഇദ്ദേഹമായിരുന്നു കേരളാ സ്റ്റേറ്റ് റെപ്രസെന്റേറ്റീവ്. അദ്ദേഹം ചുമതല വിട്ടതിനു ശേഷമായിരുന്നു അധികാര വികേന്ദ്രീകരണ നയം ആവിഷ്ക്കരിച്ചു നടപ്പാക്കിയത്.

1927 ൽ കീഴ് വായ്പൂരിൽ പാലമറ്റത്ത് കുര്യൻ ദമ്പതികളുടെ മകനായി ജനിച്ചു. പാസ്റ്റർ റ്റി.ജി. ഉമ്മന്റെ ബൈബിൾ ക്ലാസു മൂലം പെന്തക്കോസ്തു സത്യങ്ങളിലേക്ക് കടന്നു വന്നു. പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കൈവഴിയിൽ സ്നാനമേറ്റു. തുടർന്നുള്ള രണ്ടു വർഷം കുമ്പനാട്ട് ബൈബിൾ സ്കൂളിൽ പഠിച്ചു. 1958 മുതൽ മൗണ്ട് സീയോൻ ബൈബിൾ സ്കൂൾ അദ്ധ്യാപകനായും തുടർന്ന് ഇൻഡ്യാ ദൈവസഭയുടെ യൂത്ത് ഡയറക്ടർ ആയും സേവനം അനുഷ്ഠിച്ചു. 1966 മുതൽ 1970 വരെ ദൈവസഭ കേരളാ സ്റ്റേറ്റിന്റെ റെപ്രസെന്റേറ്റീവായും പിന്നീട് ഇവാഞ്ചലിസം ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 1972 ൽ 44-ാം വയസ്സിൽ കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് ഫീൽസ് സെക്രട്ടറിയായിരുന്ന പാസ്റ്റർ റ്റി.എം.വർഗീസിൽ കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് ഫീൽഡ് സെക്രട്ടറിയായിരുന്ന പാസ്റ്റർ റ്റി.എം.വർഗ്ഗീസിന്റെ മകൾ മേരിക്കുട്ടിയാണ് അദ്ദേഹത്തിന്റെ ഭാര്യ. ജോ കുര്യൻ (ഇംഗ്ലണ്ട്) മകനാണ്.

## പാസ്റ്റർ എ.വി. ഏബ്രഹാം

കുക്ക് സായ്പിന്റെ വിശ്വസ്തനും ദ്വിഭാഷിയുമായിരുന്ന ചെങ്ങന്നൂർ പിരളശ്ശേരിയിൽ എ.കെ. വർഗ്ഗീസിന്റെയും മറിയാമ്മയുടെയും മകനായി 1921ആഗസ്റ്റ് 21ന് ജനിച്ചു. 1936 ഏപ്രിൽ 30ന് കുക്ക് സായ്പിന്റെ കൈകീഴിൽ സ്നാനം ഏറ്റു. വിദ്യാഭ്യാസാനന്തരം പട്ടാളത്തിൽ ചേർന്നു. രണ്ടാം ലോകമഹായുദ്ധാനന്തരം നാട്ടിൽ തരിച്ചെത്തി. പല ജോലികൾ ചെയ്തു എങ്കിലും ഒന്നിലും പിടിച്ചു നിൽക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ റവ.വില്യം പോസ്പിലിന്റെ ക്ഷണപ്രകാരം ദൈവസഭയിൽ ജോലിയിൽ ചേർന്നു. 1952 ൽ സീയോൻ കുന്നിൽ പ്രസ്സ് മാനേജരായി ഔദ്യോകിക ജീവിതം ആരംഭിച്ചു. തുടർന്ന് പാസ്റ്റർ പി.എ.വി. സാം ഫീൽഡ് റെപ്രെസെന്റേറ്റീവ് ആയപ്പോൾ, അദ്ദേഹത്തെ പ്രോപ്പർട്ടി അഡ്നിനിസ്ട്രേറ്ററായി നിയമിച്ചു. 1965 ൽ അമേരിക്കയിലെ ലീ കോളേജിൽ ചേരുകയും 1967 ൽ വിദ്യാഭ്യാസം പൂർത്തീകരിച്ച് ഇൻഡ്യയിൽ മടങ്ങിയെത്തുകയും ചെയ്തു.

1971 ൽ അദ്ദേഹം ദൈവസഭ കേരളാ സ്റ്റേറ്റ് റെപ്രെസെന്റേറ്റീവ് ആയി നിയമിതനായി. 1978 വരെ ഈ പദവിയിൽ തുടർന്നു. അനന്തരം അമേരിക്കയിലേക്ക് പോവുകയും 1987 ഓക്ടോബറിൽ അവിടെ വച്ച് നിത്യതയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. അദ്ദേഹ ചുമതലയിൽ ആയിരിക്കുമ്പോഴാണ് അധികാര വികേന്ദ്രീകരണത്തിലൂടെ അതതു സംസ്ഥാനങ്ങൾക്ക് സ്വയംഭരണാവകാശം ലഭ്യമാകുന്നത് 1972 ൽ ദൈവസഭയ്ക്ക് അഖിലേന്ത്യാ തലത്തിൽ 340 സഭകൾ ഉണ്ടായിരുന്നു. അതിൽ 87 എണ്ണം കേരളാ സ്റ്റേറ്റിന് ലഭ്യമായി. 1978 ൽ പാസ്റ്റർ എ.വി.ഏബ്രഹാം വിരമിക്കുമ്പോൾ 118 ഉണ്ടായിരുന്നു. ആറു വർഷം കൊണ്ട് 31 പുതിയ സഭകൾ ഉടലെടുത്തു.

ഇതു കൂടാതെ 1972 ൽ കേരളാ ദൈവസഭ കേരളാ സ്റ്റേറ്റ് എന്നും കേരളാ ഡിവിഷൻ എന്നും വീണ്ടും രണ്ടായി തിരിയുകയുണ്ടായി.

## ഡിവിഷൻ വിഭജനം

കുക്ക് സായ്പിന്റെ പ്രവർത്തനാരംഭം മുതൽ അവർണ്ണ ഹിന്ദുക്കൾ ക്രിസ്തു വിശ്വാസം സ്വീകരിച്ച് മുന്നോട്ട് വന്നിട്ടുണ്ട്. അദ്ദേഹം അവരോട് സ്നേഹപൂർവ്വവും സഹാനുഭൂതിയോടും കൂടെ വർത്തിച്ചിരുന്നു. 1930 ൽ പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഒരു വിഭജനം ഉണ്ടായപ്പോൾ സവർണ്ണരും സുറിയാനി ക്രിസ്ത്യാനികളും അദ്ദേഹത്തോടൊപ്പം പോയി. എന്നാൽ അവർണ്ണർക്ക് കുക്ക് സായ്പിനോടൊപ്പം ഉറച്ചു നിന്നു. കാലക്രമത്തിൽ കുക്ക് സായ്പിന്റെ കൂട്ടായ്മയിലേക്ക് ഉയർന്ന ജാതിക്കാരും വന്നു തുടങ്ങി. 970വരെയുള്ളകാലഘട്ടംപൊതുവെ വളർച്ചയുടെ സമയം ആയിരുന്നു. അംഗസഖ്യയിൽ ഇരു വിഭാഗക്കാരും വർദ്ധിച്ചു വന്നു. സ്റ്റേറ്റ് കൗൺസിലിൽ വരെയും അവർണ്ണർക്ക് അർഹമായ സ്ഥാനം ലഭിച്ചു. എന്നാൽ ഔദ്യോഗിക പദവികളിൽ അവർക്ക് പ്രാതിനിത്യം ലഭിച്ചില്ല. ഇതിനെതിരെ പിന്നോക്കവിഭാകക്കാർ ശബ്ദമുണ്ടാക്കുകയും ഒരുഇ ആക്ഷൻ കമ്മറ്റി ഉണ്ടാക്കുകയും ചെയ്തു.

പ്രശ്നം അഖില ലോക ദൈവസഭ നേതൃത്വത്തിന്റെ ശ്രദ്ധയിൽ വന്നപ്പോൾ ഏഷ്യൻ സൂപ്രണ്ടായിരുന്ന റവ. ലവൽ. ആർ. കാരിയും വേൾഡ് മിഷൻ അസിസ്റ്റന്റ് ഡയറക്ടർ റവ.റ്റി. എൽ. ഫോറസ്റ്ററും സ്ഥിതിഗതികൾ പഠിച്ച് പരിഹരിക്കുവാനായി കേരളത്തിലെത്തി. പ്രശ്ന പരിഹാരത്തിനായി കേരളത്തിലെ വേലയെ രണ്ടായി വിഭജിച്ച് രണ്ടു നേതൃത്വങ്ങൾക്ക് കീഴിൽ ആക്കുന്നതാണ് അഭികാമ്യമെന്ന് വേൾഡ് മിഷൻ തീരുമാനിച്ചു. അങ്ങനെ 1972 ഫെബ്രുവരി 25 ന് ' കേരളാ സ്റ്റേറ്റ്' എന്നു ' കേരളാ ഡിവിഷൻ ' എന്നും രണ്ടു പിരിവുകൾ ദൈവസഭക്കു കേരളത്തിലുണ്ടായി. കോട്ടയം പാക്കിലാണ് കേരള ഡിവിഷന്റെ ആസ്ഥാനം. പാസ്റ്റേഴ്സ് കെ.ജെ. ചാക്കോ, വൈ ജോസഫ് എന്നിവർ ഡിവിഷനിൽ ഓവർസിയേഴ്സ് ആയി പ്രവർത്തിച്ചിട്ടുണ്ട്. സണ്ണി വർക്കി ഇപ്പോൾ ഈ ചുമതല വഹിക്കുന്നു.

## പാസ്റ്റർ. എം. വി. ചാക്കോ

1968 മുതൽ കേരളത്തിൽ അദ്ദേഹം എജ്യൂക്കേഷൻ ഡയറക്ടറായി പ്രവർത്തിച്ചു വരുകയായിരുന്നു. 1978 ൽ പാസ്റ്റർ. എ. വി. എബ്രഹാം സ്റ്റേറ്റ് റപ്രസന്റേറ്റീവായി വിരമിച്ചപ്പോൾ പകരം എം. വി. ചാക്കോ നിയമിക്കപ്പെട്ടു. 1988 ൽ അദ്ദേഹം വിരമിച്ചു. അദ്ദേഹം ചുമതല ഏൽക്കുമ്പോൾ 118 സഭകളുണ്ടായിരുന്നു. വിരമിക്കുമ്പോൾ 220 ഉം. അതായത് പത്തു വർഷം കൊണ്ട് 102 സഭകളുണ്ടായി. പ്രതിവാർഷികനായി 102 സഭകൾ വീതം ഉടലെടുത്തു.

1988 ൽ അദ്ദേഹം വിരമിക്കിന്നതിന് കാരണമായി. ചില പ്രശ്നങ്ങൾ സഭയിൽ ഉണ്ടായി. ഇതെ തുടർന്ന് കോടതി കേസുകൾ നിലവിൽ വന്നു. അങ്ങനെ അദ്ദേഹം വിരമിക്കേണ്ടി വന്നു. അവ അടുത്ത ചില അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നു. 1994 ന്റെ അവസാനത്തോടെ അദ്ദേഹം ദൈവസഭയുമായുള്ള കൂട്ടായ്മാ ബന്ധം വിട്ടു.

## പാസ്റ്റർ പി. എ.വി. സാം

സുപ്രസിദ്ധ ഉണർവ്വു പ്രാസംഗികനും ബൈബിൾ കോളേജ് അദ്ധ്യാപകനുമായ പാസ്റ്റർ എ. ആർ.റ്റി അതിശയത്തിന്റെയും അന്നമ്മ അതിശയത്തിന്റെയും മകനായി 1936 ൽ ജനിച്ചു. സുവിശേഷ ധ്വനിയുടെ പത്രാധിപ സമിതി അംഗമായും തുടർന്ന് പത്രാധിപനായും ദൈവസഭയിൽ ഔദ്യോഗിക ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് സിബ- ഗെയ്ഗിയിൽ ജോലിനോക്കിക്കൊണ്ടിരിക്കെതന്നെ ദൈവസഭയുടെ പാസ്റ്റർ, ഡിസ്ട്രിക്ട് പാസ്റ്റർ, ഇവാൻജലിസം ഡയറക്ടർ, ഫീൽഡ് റപ്രസെന്റേറ്റീവ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 1988 ൽ കേരളാ സ്റ്റേറ്റ് ഓവർസിയറായി. 2000 വരെ ഈ പദവിയിൽ തുടർന്നു. ദൈവസഭ കൺവൻഷൻ സ്റ്റേഡിയം തിരുവല്ലയിലെ ഇംഗ്ലീഷ് സെമിനാരി (ICTS) മുളക്കുഴയിലെ പുതിയ ബൈബിൾ കോളേജ് ബിൽഡിംഗ് എന്നിവ അദ്ദേഹത്തിന്റെ ഭരണ നേട്ടങ്ങളാണ്. സഭകൾ 220 ൽ നിന്നും 517 ആയി വർദ്ധിച്ചു എന്നതും പ്രസ്താവ്യമത്രെ. ദൈവസഭക്ക് 300 ൽ പരം ആരാധനാലയങ്ങൾ അദ്ദേഹം പണിതു.

അദ്ദേഹത്തിന്റെ ഭരണ കാലത്ത് ദൈവസഭയിൽ ഒരു ഭിന്നത ഉടലെടുക്കുകയും ചില വർഷങ്ങൾ ചില സഹോദരന്മാർ കുമ്പനാട് കേന്ദ്രമാക്കി Autonomos ആയി നില കൊണ്ടു എങ്കിലും അവ യഥായോഗ്യം പരിഹരിക്കപ്പെട്ട് 2000 ൽ വീണ്ടും ഐക്യത കൈവന്നു.

2000 ൽ നടന്ന ജനറൽ അസംബ്ലിയിൽ വെച്ച് പാസ്റ്റർ. പി. എ.വി. സാമിനെ വെസ്റ്റ് ഏഷ്യയുടെ സൂപ്രണ്ടായി നിയമിച്ചു. സൗത്ത് ഏഷ്യയിൽ ഈ പദവിയിലേക്ക് ഉയർത്തപ്പെടുന്ന പ്രഥമ വ്യക്തിയും പ്രഥമ മലയാളിയുമാണ് പാസ്റ്റർ. പി. എ.വി. സാം.

## പാസ്റ്റർ. വി.സി. ഇട്ടി

ക്രൈസ്തവ മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കണമെന്ന് നിരന്തരം ഉദ്ബോധിപ്പിക്കുകയും തന്റെ വ്യക്തി ജീവിതത്തിൽ അത് അന്വർത്ഥമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന റവ. വി. സി.ഇട്ടി ദൈവസഭയുടെ ആറാമത്തെ സ്റ്റേറ്റ് ഓവർസിയർ- ജനകീയ ഓവർസിയറായി ചരിത്രത്തിലേക്ക് സ്ഥാനം പിടിക്കുകയാണ്. രണ്ട് വ്യത്യസ്ത മുഖങ്ങളിലൂടെയാണ് അദ്ദേഹം ജനകീയനെന്ന അപരനാമത്തിന് അർഹനായിത്തീരുന്നത്. ദൈവസഭയുടെ ചരിത്രത്തിൽ ഇദം പ്രഥമായി പ്രഫറഷ്യൻ ബാലറ്റിലൂടെ സ്റ്റേറ്റ് ഓവർസിയറായപ്പോൾ ഒന്നാം മുഖത്തിലൂടെയും സാധാരണക്കാരിൽ സാധാരണക്കാരനായ, ലളിത സുന്ദരമായി സഹകരിച്ചും വിവിധമായ വ്യക്തി ബന്ധങ്ങൾ കൈമുതലായും സഞ്ചരിക്കുന്ന അദ്ദേഹം സാധാരണക്കാരനും ജനകീയനുമായികഴിഞ്ഞു.

വെൺമണി കല്ലിയാത്ര ജംഗ്ഷനു സമീപത്തുനിന്നും 1898 ൽ പത്തനാപുരത്തേക്ക് കുടിയേറിയ വാതല്ലൂർ മിസ്റ്റർ. ഇട്ടിയുടെ മകൻ, ചാക്കോയുടെ മകനാണ് വി. സി. ഇട്ടി. 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദം കേരളത്തെ സംബന്ധിച്ചിടത്തോളം പൊതുവെ കുടിയേറ്റത്തിന്റെ പ്രവണത പ്രകടിപ്പിച്ചിരുന്നല്ലോ. കൂടുതൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും, സൗകര്യങ്ങളും തേടി പിതാമഹൻ കുടിയേറ്റക്കാരനായപ്പോൾ തന്റെ ചെറുമകൻ കുടിയേറ്റ ഭൂമിയിൽ നിന്നും അദ്ധ്യാത്മിക നേതൃത്വ നിരയിലേക്ക് ഉയർത്തപ്പെടുമെന്ന സ്വപ്നേപി നിനച്ചിരിക്കില്ല. എന്നാൽ നിയോഗം അങ്ങനെയായിരുന്നു. 1939 മെയ് 5 ന് വാതല്ലൂർ ചാക്കോ മറിയാമ്മ ദമ്പതികളുടെ കനിഷ്ഠ പുത്രനായി ജനിച്ച ഇട്ടിക്ക് നിയോഗങ്ങളുടെ ഓരം ചേർന്ന് നടക്കാനായിരുന്നു യോഗം. കുടിയേറ്റ ഭൂമിയിൽ തങ്ങൾ ഉൾപ്പെട്ടു നിന്നിരുന്ന മാർത്തോമ്മ ആരാധനാലയം ഇല്ലാത്തതിനാൽ വാതല്ലൂർ കുടുംബം മറ്റു ചിലരോടൊപ്പം പത്തനാപുരം (പുതുവൽ) സി. എസ്. ഐ. സഭയുടെ സ്ഥാപക അംഗങ്ങളായി. സഭയ്ക്ക് പ്രാധാന്യം കൽപ്പിക്കാതെ ക്രിസ്തീയ മൂല്യങ്ങൾക്കും ആരാധനയ്ക്കും പ്രാമുഖ്യം കൽപ്പിച്ച വാതല്ലൂർ കുടുംബത്തിൽ നിന്നും പാരമ്പര്യത്തിന്റെ വഴിമാറി ഓടുവാൻ ചീട്ടു വീണത് വി. സി. ഇട്ടിക്കായിരുന്നു.1958 ഒക്ടോബർ 26 ന് അദ്ദേഹം രക്ഷാനിർണ്ണയം പ്രാപിച്ചു. സി. എസ്.ഐ സണ്ടേ സ്കൂൾ അദ്ധ്യാപകനും യൂത്ത് ലീഗ് അംഗവും ഒക്കെയായി ഒരു മര്യാദക്കാരനായി ജീവിച്ചു വരവേ രക്ഷാനിർണ്ണയവും പ്രാപിച്ച ദിനത്തിൽ **ഇന്നു നീ മരിച്ചാൽ നിന്റെ നിത്യത** എവിടെ എന്ന ചോദ്യം ശക്തിയായി തന്റെ ഹൃദയത്തിൽ മുഴങ്ങി. അപ്പോൾ താൻ സണ്ടേസ്കൂൾ പഠിപ്പിക്കുവാൻ പോകുകയായിരിന്നു. ഈ അനുഭവം സണ്ടേ സ്കൂളിലെ ഒരു അദ്ധ്യാപകനുനായി പങ്കുവെച്ചു. അദ്ദേഹം ഇട്ടിയെ രക്ഷാനിർണ്ണയത്തിലേക്ക് നയിക്കുവാൻ സഹായിച്ചു. അന്നു വൈകിട്ട് അവിടെ കൂടിയിരുന്നവർക്ക് വലിയ അത്ഭുതമായി. കാരണം വാതല്ലൂർ കുടുംബത്തിലെ മറ്റും പണിചെയ്തിരുന്ന അവശ ക്രൈസ്തവർക്ക് തങ്ങളുടെ കൊച്ചമ്പ്രാൻ അവരുടെ ഇടയിലേക്ക് ഇറങ്ങി ചെല്ലുന്നത് അവർക്ക് നിനയ്ക്കുവാനേ കഴിയാത്ത അവസ്ഥ ആയിരുന്നു. ഇട്ടി തന്റെ അനുഭവങ്ങൾ പങ്കു വെച്ച് സാക്ഷി പറഞ്ഞു. അതുവരെയും ലഭിക്കാത്ത സന്തോഷം ആ യുവാവിന് മഴ വന്ന് ഒഴിഞ്ഞതുപോലെ ഒരു ലാഘവത്വം ഹൃദയത്തിൽ കൈ വന്നു. അചിരേണ അദ്ദേഹം അഭിഷേകം പ്രാപിച്ചു. അദ്ദേഹത്തിന്റെ ഒരു കസിനായ കുഞ്ഞച്ചനുമായി ഒന്നിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കവെ പ്രാർത്ഥന രാത്രിയിൽ നീണ്ടു പോയത് ഇരുവരും അറിഞ്ഞില്ല. ഏകദേശം 1 മണിയോടുകൂടി ഇരുവരും പരിശുദ്ധാത്മഭിഷേകത്താൽ നിറഞ്ഞു. ഇതോടു കൂടി സുവിശേഷ വേലയ്ക്കായുള്ള ഏറിയ ആത്മഭാരം ആരംഭിക്കുകയായി. 1959- ൽ ആയിരുന്നു ഇത്. അതേ വർഷത്തിı തന്നെ തിരുവല്ല തോലശ്ശേരി സി. എസ്. ഐ. ചർച്ചിൽ വെച്ച് യൂത്ത് ലീഗ് പ്രതിനിധികൾക്കായി ഓൾ കേരളാ അടിസ്ഥാനത്തിൽ ഒരു പ്രത്യേക പരിശീലന ക്ലാസ്സ് നടന്നു. അതിൽ സംബന്ധിച്ച ഇട്ടി ഒന്നാമനായി എം. എം. ജോൺ ഒരു ബൈബിൾ സമ്മാനമായി നൽകുകയും ചെയതു. അന്നു മുതൽ മാതാപിതാക്കൾ അദ്ദേഹത്തെ ഒരു പുരോഹിതനാക്കാൻ താല്പര്യം പ്രകടിപ്പിച്ചു കൊണ്ടിരുന്നു.

എന്നാൽ ദൈവ നിയോഗം മറിച്ചായിരുന്നു. ബൈബിൾ വായിക്കുകയും പഠിച്ചുകൊണ്ടിരിക്കുകയും ചെയ്ത ഇട്ടി സാവധാനം പെന്തക്കോസ്ത് സത്യങ്ങളിലേക്ക് ആനയിക്കപ്പെടുകയായിരുന്നു. അങ്ങനെ 1960 ജനുവരി 4-ാം തീയതി അദ്ദേഹം വിശ്വാസ സ്നാനം സ്വീകരിച്ചു. ഇത് ഭവനത്തിൽ ചില എതിർപ്പികൾക്കും ഒരു യുവാവിന് താങ്ങാവുന്നതിനപ്പുറമായ മാനസിക സംഘർഷങ്ങൾക്കും കാരണമായി.

1959ന്റെ സമപനം മുതൽ 1960ന്റെ അവസാനം വരെയുള്ള ഒരു വർഷം തന്റെ ജീവിതത്തിൽ പ്രത്യേക ദൈവീക സന്ദർശനവും പരിവർത്തനവും ആത്മീയ അനുഭൂതിയും നിറഞ്ഞ വർഷവും ആയിരുന്നു എന്ന് റവ. ഇട്ടി അനുസ്മരിക്കുന്നു. പത്തനാപുരം ഭാഗങ്ങളിൽ സമുദായസ്ഥരുടെ ഇടയിൽ ഒരു വലിയ ഉണർവ്വിന്റെ സമയമായിരുന്നു അത്. ഭവനങ്ങളിൽ മാറി മാറി തുടങ്ങിയ പ്രാർത്ഥനാ കൂട്ടങ്ങൾ പെട്ടെന്ന് വളർന്ന് വലുതാകുകയും ജനം വീടുകളുടെ മുറ്റങ്ങളിലേക്ക് യോഗം മാറ്റുകയും ചെയ്തു. ജനം അനുതാപത്തോടും കരച്ചിലോടും കൂടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തിങ്കലേക്ക് തിരിഞ്ഞു.

തത്ഫലമായി വലിയ ഉണർവ് ഉണ്ടാവുകയും അനേകർ രക്ഷിക്കപ്പെടുകയും മുന്നൂറിലധികം പേർ പരിശുദ്ധാത്മാത്മാഭിഷേകം പ്രാപിക്കുകയും ചെയ്തു. കൽക്കട്ട റീജിയൺ ഓവർസിയർ റവ. കെ.എൻ. തങ്കച്ചൻ, ന്യൂയോർക്ക് ദൈവസഭ പാസ്റ്റർ പി. തോമസ് എന്നിവർ ഈ ഉണർവ്വിലെ പ്രൊഡക്റ്റുകളിൽ ചിലരാണ്. റവ. ഇട്ടി ഉയർന്ന മരങ്ങളിലും മലയുടെ മുകളിലും കയറിനിന്ന് ഉച്ചത്തിൽ വാക്യങ്ങൾ വിളിച്ച് പറുയക തനിക്കൊരു പതിവായി മാറി. തന്നെപ്പറ്റി പലരും ആശ്ചര്യം കൂറുന്ന ദിനങ്ങളായിരുന്നു അത്.

ഈ കാലയളവിൽ ദൈവസഭയുടെ ഒരു ശുശ്രൂഷകനായിരുന്ന പാസ്റ്റർ പി.വി. തോമസ് തന്റെ 10 സെന്റ് സ്ഥലം ദൈവസഭയ്ക്ക് നൽകി. പത്തനാപുരത്ത് സുവിശേഷ വേലയ്ക്കായി വന്ന അദ്ദേഹം ഇട്ടിയുമായി ബന്ധപ്പെടുകയും സുവിശേഷവേലയ്ക്കായി ഒരു പ്രത്യേക ഉത്സാഹവും പ്രോത്സാഹനവും നൽകുകയും ചെയ്തു. സീയോൻ കുന്നിൽ ക്ലാസ്സുകൾ ആരംഭിച്ചതിനാൽ അഡ്മിഷൻ ലഭിക്കാതെ ഇട്ടി ബുദ്ധിമുട്ടിയപ്പോൾ വ്യക്തികളെ മനസ്സിലാക്കുവാൻ അഗാധകഴിവുണ്ടായിരുന്ന മഹാനായ ടി.എം. വർഗീസ് സാർ 1961ൽ അഡ്മിഷൻ നൽകി. 1962ൽ രണ്ടാം വർഷ വിദ്യാർത്ഥിയായി പഠിക്കുമ്പോൾ കുമ്പളാം പൊയ്കയിൽ സഭാ പാസ്റ്ററായി. അതിനു തൊട്ടുമുമ്പ് വിവാഹിതനുമായി. 1965ൽ സകുടുംബം പ്രത്യേക നിയോഗവും ആത്മഭാരവും അനുസരിച്ച് വടക്കേ ഇന്ത്യയുലേക്ക് പോയി. അഹമ്മദാബാദ്, റൂർക്കല, ബീഹാർ, ഫിലായി, ബോംബെ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. ഇവാഞ്ചലിസം ഡയറക്ടറായും പല പ്രാവശ്യം ആക്ടിംഗ് ഓവർസിയറായും സേവനം അനുഷ്ഠിച്ചു. 1982ൽ കേരളത്തിൽ മടങ്ങിയെത്തിയ പാസ്റ്റർ വി.സി. ഇട്ടി കേരളാ സ്റ്റേറ്റ് സെക്രട്ടറിയായും അഡ്മിനിസ്ട്രേറ്ററായും ചുമതലയേറ്റു. തുടർന്ന് ഇവാഞ്ചലിസം ഡയറക്ടറായും പ്രവർത്തിച്ചു വരികയായിരുന്നു. ഷഷ്ടിപൂർത്തി കഴിഞ്ഞ് സ്റ്റേറ്റ് ഓവർസിയർ ആകുന്ന പ്രഥമ വ്യക്തിയാണ് അദ്ദേഹം പ്രഗത്ഭരായ ഓവർസിയർമാരോടു കൂടെ ചേർന്ന് പ്രവർത്തിച്ച അനുഭവവും അദ്ദേഹത്തിന് കൈമുതലായുണ്ട്.

യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട എല്ലാവരും ഒന്നാണെന്നും അവർ ഐക്യതയോടെ പ്രവർത്തിക്കണമെന്നും വിശ്വാസി ക്വാളിറ്റി കാത്തു സൂക്ഷിക്കുന്നവരായി വിശുദ്ധിയിൽ നിലനിൽക്കേണം എന്നും ഒരു സഭയുടെ ചുവരിനോടു ചേർന്ന് മറ്റ് ഒരു സഭ സ്ഥാപിക്കുന്ന പ്രവണത മാറി സുവിശേഷം എത്തിയിട്ടില്ലാത്ത മേഖലകളിൽ പുതിയ പ്രവർത്തനം ആരംഭിക്കണമെന്നും സുവിശേഷീകരണത്തിൽ രക്ഷ മാത്രമായി ഒതുക്കി നിർത്താതെ കർത്താവിന്റെ അനുകമ്പയുടെ മനസ്സുള്ളവരായി ദീനാനുകമ്പ പ്രവർത്തനങ്ങളിലും സഭയ്ക്ക് പങ്കാളിത്തം ഉണ്ടാകണമെന്നും റവ. വി.സി. ഇട്ടി ആധുനിക സഭയെ ഉത്ബോധിപ്പിക്കുന്നു.

കുഞ്ഞുകുഞ്ഞമ്മ ഇട്ടിയാണ് ഭാര്യ. ജേക്കബ്, എലിസബത്ത്, എസ്തേർ എന്നിവർ മക്കളാണ്. മോളി, മാത്യു, എന്നിവർ മരുമക്കളാണ്.